# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/പി7/988/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 09/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.കെ.ഡി/പി7/988/2022 തീയ്യതി: 09/06/2022

## കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 27-05-2022 | 02-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-05-2022 | 02-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ്കുമാർ കെ - ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ജയകുമാർ പാലോളി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജയൻ പി - സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ.കെ.എസ് - ഓഡിറ്റർ
ശ്രീ.വിജേഷ്.കെ.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി.കെ.അബ്ദുള്ള | പ്രസിഡന്റ് | 01-04-2020 | 13-11-2020 |
| ശ്രീമതി. നയീമ കുളമുള്ളതിൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. സജീവൻ.ഇ.ജി | സെക്രട്ടറി | 01-04-2020 | 05-01-2021 |
| | | 18-01-2021 | 11-02-2021 |
| ശ്രീ. ശശിധരൻ നെല്ലോളി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-01-2021 | 17-01-2021 |
| ശ്രീ. ഷാനവാസ്.ഇ | സെക്രട്ടറി | 12-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഭാസ്കരൻ.എം | അസി. സെക്രട്ടറി | 01-04-2020 | 17-04-2020 |
| ശ്രീ. ശശിധരൻ നെല്ലോളി | അസി. സെക്രട്ടറി(ഇൻ-ചാർജ്) | 18-04-2020 | 14-06-2020 |
| ശ്രീ. ശശിധരൻ നെല്ലോളി | അസി. സെക്രട്ടറി | 15-06-2020 | 26-02-2021 |
| ശ്രീ. അരുൺകുമാർ.ഇ | അസി. സെക്രട്ടറി | 27-02-2021 | 31-03-2021 |
| ശ്രീമതി. പ്രിയ.എസ് | അസി. എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. നവീത.എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. റഫീഖ്.എൻ.കെ | വി.ഇ.ഒ | 01-04-2020 | 23-10-2020 |
| ശ്രീമതി. മൻജുഷ.ടി | വി.ഇ.ഒ | 04-11-2020 | 31-03-2021 |
| ശ്രീ. റജിൻ.എം.എൻ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. രമ.കെ.എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 30-06-2020 |
| ശ്രീമതി. ഫിലോമിന.എൻ.ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-07-2020 | 31-03-2021 |
| ഡോ. നിധിൻ വൈശാഖ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. ഫൽഗുണൻ.പി.എം | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. സാജിത | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.ഷൈന.പി.കെ | വെറ്ററിനറി സർജൻ | 01-04-2020 | 22-09-2020 |
| ഡോ. അജേഷ് | വെറ്ററിനറി സർജൻ | 22-09-2020 | 31-03-2021 |

| | | | |
|---|---|---|---|
| മോഹൻദാസ് | | | |
| ശ്രീ. മഹേഷ്.കെ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. അനിൽകുമാർ.കെ.എം | സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീമതി. സുഹറ | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shibin K S (Auditor, On 02-06-2022)<br>Last Updated By: Vasudevan M (Deputy Director, On 06-06-2022) | 1-1 |
| 2 | ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Shibin K S (Auditor, On 02-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Shibin K S (Auditor, On 02-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-2 |
| 4 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 06-06-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-4 |
| 7 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jayan P (Senior Grade Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-7 |
| 11 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-7-1 |
| 12 | ക്യാഷ് പരിശോധന<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 07-06-2022) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-9 |
| 14 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല.<br>Written By: Vijesh K.K (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-10 |
| 15 | വസ്തു നികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തുന്നു.<br>Written By: Vijesh K.K (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-11 |
| 16 | സാങ്കേതിക വിഭാഗത്തിന് ഫയൽ കൈമാറാതെ അനധികൃത നിർമ്മാണം സെക്രട്ടറി ക്രമവൽക്കരിച്ചു നൽകി | 1-12 |

| | | |
|---|---|---|
| | Written By: Vijesh K.K (Auditor, On 04-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | |
| 17 | ഗോവർദ്ധൻ-ബയോഗ്യാസ് പ്ലാന്റ് ഉപയോഗപ്പെടുന്നില്ല<br>Written By: Jayakumar Paloli (Asst. Audit Officer, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-13 |
| 18 | ജലജീവൻ മിഷൻ പദ്ധതി പ്രകാരം വാട്ടർ കണക്ഷൻ നൽകാൻ കഴിയുമെന്നിരിക്കെ പൈപ്പ് ലൈൻ നീട്ടൽ പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക് തുക കൈമാറി.<br>Written By: Jayakumar Paloli (Asst. Audit Officer, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-14 |
| 19 | ഗ്രമപഞ്ചായത്ത് ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയിലെ അപാകതകൾ<br>Written By: Jayakumar Paloli (Asst. Audit Officer, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-15 |
| 20 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള സ്കോളർഷിപ്പ് -ആവശ്യമായ ഫണ്ട് വകയിരുത്തിയില്ല<br>Written By: Sathish Kumar K (Audit Officer (HG), On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-16 |
| 21 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്കും നൽകി<br>Written By: Sathish Kumar K (Audit Officer (HG), On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-17 |
| 22 | പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല- സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല<br>Written By: Jayan P (Senior Grade Auditor, On 02-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-18 |
| 23 | വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ<br>Written By: Jayan P (Senior Grade Auditor, On 02-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-19 |
| 24 | ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിലല്ൽ<br>Written By: Jayan P (Senior Grade Auditor, On 02-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-20 |
| 25 | ഘടകസ്ഥാപനങ്ങൾക്ക് റെക്കോർഡ് റൂം ഫർണിച്ചർ -പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല.<br>Written By: Jayakumar Paloli (Asst. Audit Officer, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-21 |
| 26 | 682 പേർ ഉള്ള ഗുണഭോക്തൃലിസ്റ്റ് ഉണ്ടായിട്ടും വീണ്ടും ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി നടപ്പാക്കേണ്ടിവന്നു<br>Written By: Jayakumar Paloli (Asst. Audit Officer, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-22 |
| 27 | എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല<br>Written By: Sathish Kumar K (Audit Officer (HG), On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-23 |
| 28 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sathish Kumar K (Audit Officer (HG), On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-24 |
| 29 | പഞ്ചായത്ത് വാഹനം - പരിപാലനത്തിലെ അപാകതകൾ<br>Written By: Sathish Kumar K (Audit Officer (HG), On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-25 |
| 30 | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Jayakumar Paloli (Asst. Audit Officer, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-26 |

| | | |
|---|---|---|
| 31 | മുൻകാല ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-27 |
| 32 | പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Sathish Kumar K (Audit Officer (HG), On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-28 |
| 33 | അടിസ്ഥാനസൗകര്യങ്ങളും ഫിറ്റ്നസുമില്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു<br>Written By: Jayan P (Senior Grade Auditor, On 02-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 02-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 02-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shibin K S (Auditor, On 03-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 02-06-2022)<br>Last Updated By: Vasudevan M (Deputy Director, On 08-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

വേളം ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് 23.03.2020 തീയതിയിലെ 2 (1) നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 22.02.2021 തീയതിയിലെ തീരുമാന നമ്പർ 1 പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. 2020-21 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 1,67,23,032 |
| വരവ് | 22,76,15,450 |
| ആകെ | 24,43,38,482 |
| ചെലവ് | 23,49,43,500 |
| നീക്കിയിരിപ്പ് | 93,94,982 |

## 1-1-1 ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല

സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ടെങ്കിലും, നടപടിക്രമങ്ങളുടെ രേഖപ്പെടുത്തൽ ഉണ്ടായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കേണ്ടത് | ഡിസംബർ 15-ന് മുമ്പ് | വിളിച്ച് ചേർത്തതായി കാണുന്നില്ല |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ | ജനുവരി 15-ന് മുമ്പ് | സ്ഥാപന മേധാവികൾ നിശ്ചിത പ്രൊഫോർമയിൽ പ്രതീക്ഷിത വരവ്-ചെലവുകൾ സമർപ്പിച്ചതിന്റെ |

| | | |
|---|---|---|
| സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | | വിശദാംശങ്ങൾ ബജറ്റ് ഫയലിൽ ലഭ്യമല്ല |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുമ്പ് | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 18.01.20നും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 27.01.20നും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 21.01.20 നും ചർച്ച ചെയ്തിട്ടുണ്ട്. |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുമ്പ് | ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുമ്പ് | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 28.02.2020ലെ തീരുമാന നം.1 പ്രകാരം 2020-21 വർഷത്തെ ബജറ്റ് ഭരണസമിതിക്ക് മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനിച്ചു. |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുമ്പ് | 21.03.2020ന് നടന്ന സാധാരണ യോഗത്തിൽ ചർച്ച ചെയ്തു. |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുമ്പ് | 23.03.2020ന് നടന്ന പ്രത്യേക യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

ബജറ്റ് രേഖകൾ പൂർണ്ണമല്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2020-2021 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 29.04.2021 |

1-2-1 വാർഷിക കണക്കിലെ അപാകതകൾ

വേളം ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഡെപ്പോസിറ്റ് ഇനത്തിൽ 2019-20 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2020-21 വർഷം ലഭിച്ച തുക RP-34 വരവ് ഭാഗം) - (2020-21 വർഷത്തെ ചെലവ് RP-34 ചെലവ് ഭാഗം) ചെയ്താൽ ലഭിക്കുന്ന തുകയായ 7,45,223/- രൂപയും 2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 6,91,015/- രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

2. 2020-21 വാർഷിക ധനകാര്യ പത്രിക ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-6 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിലെ ചെലവ് 37,30,359/-

രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിലെ ചെലവ് 37,61,299/- രൂപയാണ്.

3. 2020-21 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ചർ ഇനത്തിൽ (റവന്യൂ, ക്യാപിറ്റൽ) 8,61,762/- രൂപ നീക്കിയിരിപ്പുണ്ട്. വാർഷിക കണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ (Treasury Special TSB JointVenture) 1,71,557/- രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

4. 2020-21 വർഷത്തേക്കുള്ള എഫ്.ടി.ഇ.എ&ഒ ലൈസൻസ് അഡ്വാൻസ് കളക്ഷൻ തുകയായ 39,900/- രൂപയുടെ (2019-20 വാർഷിക ധനകാര്യ പത്രിക RP-36 പ്രകാരം) കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തലുകൾ 2020-21 ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. 2020-21 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-43) ഷെഡ്യൂൾ പ്രകാരം തൻവർഷത്തെ വസ്തു നികുതി (റസിഡൻഷ്യൽ) ഇനത്തിലെ കളക്ഷൻ 18,07,906/- രൂപയും വസ്തു നികുതി (നോൺ-റസിഡൻഷ്യൽ) ഇനത്തിലെ കളക്ഷൻ 11,61,156/- രൂപയുമാണ്. എന്നാൽ 2020-21 വർഷത്തെ സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ വസ്തു നികുതി (റസിഡൻഷ്യൽ) ഇനത്തിലെ കളക്ഷൻ 18,19,816/- രൂപയും വസ്തു നികുതി (നോൺ-റസിഡൻഷ്യൽ) ഇനത്തിലെ കളക്ഷൻ 11,67,951/- രൂപയുമാണ്.

6. വസ്തു നികുതി ഇ-പെയ്മന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ, പേരാമ്പ്ര, ഇ-പെയ്മെന്റ് അക്കൗണ്ട് നം.67392800241) ക്രഡിറ്റ് ആകുന്നില്ല. ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ഓൺലൈനായി അടവാക്കിയ താഴെ പറയുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.

| ഇ-പെയ്മന്റ് തീയതി | തുക |
|---|---:|
| 16.01.2021 | 2,085 |
| 23.01.2021 | 1,870 |
| 25.01.2021 | 1,951 |
| 06.02.2021 | 2,589 |

| | |
|---|---|
| 01.03.2021 | 7,472 |
| 04.03.2021 | 1,751 |
| 05.03.2021 | 4,015 |
| 17.03.2021 | 1,266 |

7. 2020-21 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-43 പ്രകാരം Recievables For Property Tax On Residential Buildings (Arrear) 83,318/- രൂപയും, Recievables For Property Tax On Non Residential Buildings (Arrear) 32,819/- രൂപയുമാണ്. 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം ഈ ശീർഷകങ്ങളിൽ കുടിശ്ശിക കാണിച്ചിട്ടുള്ളത് യഥാക്രമം 83,662/- രൂപയും 51,970/- രൂപയും ആണ്. എന്നാൽ 2020-21 ബാലൻസ് ഷീറ്റ് B-15 പ്രകാരം വസ്തു നികുതി (റസിഡൻഷ്യൽ) അരിയർ ഇനത്തിൽ 15,633/- രൂപയും വസ്തു നികുതി (നോൺ റസിഡൻഷ്യൽ) അരിയർ ഇനത്തിൽ 19,651/- രൂപയും പിരിച്ചെടുക്കാൻ ബാക്കിയുള്ളതായും കാണിച്ചിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

8. ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ കളക്ഷൻ 5,48,010/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-1 പ്രകാരം കളക്ഷൻ തുക 5,16,400/- രൂപയാണ് .

9. 2020-21 വർഷത്തിൽ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവിന് രണ്ടു പ്രോജക്ടുകൾ (നം-266/20-21, നം-272/20-21, നിർവഹണം-സെക്രട്ടറി) വെച്ച് 28,97,804 രൂപ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ ലോൺ രജിസ്റ്ററിൽ 2020-21 വർഷത്തെ വായ്പ മുതൽ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 43,950/- രൂപയുടെ സ്റ്റോർസ് 2020-21 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

11. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ കണക്കാക്കിയത് വർക്ക്ഷീറ്റ് ഇല്ലാതെയാണ്.

12. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,68,40,650 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 8,25,19,243 |
| ആകെ | 9,93,59,893 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,21,67,160 |
| നീക്കിയിരിപ്പ് | 1,71,92,733 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,23,32,074 | 1,23,32,074 | 1,21,56,627 | 1,75,447 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 29,96,457 | 29,96,457 | 29,94,941 | 1,516 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1,91,31,000 | 1,91,31,000 | 1,53,30,046 | 38,00,954 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 43,08,972 | 43,08,972 | 43,08,972 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR | 0 | 1,11,46,298 | 1,11,46,298 | 72,04,327 | 39,41,971 |

| | | | | | |
|---|---|---|---|---|---|
| പ്രകാരം) | | | | | |
| ഐ.സി. ഡി.എസ് | 4,10,228 | 10,03,837 | 14,14,065 | 6,46,267 | 7,67,798 |
| സാക്ഷരത | 1,265 | 29 | 1,294 | 595 | 699 |
| എം.പി.ഫണ്ട് | 34,351 | 944 | 35,295 | - | 35,295 |
| SMGB തനത് ഫണ്ട് അക്കൗണ്ട്- 9718 | 10,76,605 | 1,18,56,821 | 1,29,33,426 | 36,49,109 | 92,84,317 |
| SBI ഇ-പെയ്മെന്റ് അക്കൗണ്ട്- 241 | 1,40,669 | 2,56,253 | 3,96,922 | 669 | 3,96,253 |
| കാനറാ ബാങ്ക് മണൽ - 23330 | 26,44,017 | 80,399 | 27,24,416 | - | 27,24,416 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ വേളം ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി), ധനകാര്യ കമ്മിഷൻ ഗ്രാന്റ് എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ)

ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 4,18,40,046 | 1,91,04,204 |
| വികസനഫണ്ട് (എസ്.സി.പി) | 82,25,534 | 34,51,966 |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 1,37,79,961 | 1,25,58,316 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), ധനകാര്യ കമ്മിഷൻ ഗ്രാന്റ് ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 118 | 125273375 | 70 | 62574455 | 16 | 32 | 59.32% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ | 11,15,302 | 19,21,992 | 30,37,294 | 26,95,488 | 3,41,806 |

| | | | | | |
|---|---|---|---|---|---|
| ചെലവുകൾ | | | | | |
| ഗുണ ഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 6,58,64,316 | 6,58,64,316 | 6,58,64,316 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1,04,34,400 | 705 |
| വിധവാ പെൻഷൻ | 1,63,04,500 | 1012 |
| വാർദ്ധക്യകാല പെൻഷൻ | 2,28,86,700 | 1543 |
| വികലാംഗ പെൻഷൻ | 49,79,800 | 313 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,57,100 | 21 |
| വിവാഹ ധനസഹായം | 3,60,000 | 12 |

### 1-7-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

വേളം ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം

തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|
| 1 | മാതു, കുഴിചാലിൽ, ചേരാപുരം | വിധവ പെൻഷൻ | 07.06.2020 | 14.10.2020 |
| 2 | പാത്തു.പി.കെ, പടിഞ്ഞാറെ കുമ്മന | വിധവ പെൻഷൻ | 29.06.2020 | 22.10.2020 |
| 3 | ജമീല, പൈങ്ങകുളങ്ങര, തീക്കുനി, ചേരാപുരം | വിധവ പെൻഷൻ | 09.09.2020 | 23.01.2021 |
| 4 | കദീജ.പി, കൊക്കാലുക്കണ്ടിയിൽ, വേളം | വിധവ പെൻഷൻ | 28.10.2020 | 08.02.2021 |
| 5 | കുഞ്ഞിരാമൻ.പി, മുരോരിക്കോഴി, വേളം | കർഷക ത്തൊഴിലാളി പെൻഷൻ | 10.06.2020 | 14.10.2020 |
| 6 | നാരായണി, ആനയിമുക്കിൽ, പൂളക്കൂൽ | കർഷക ത്തൊഴിലാളി പെൻഷൻ | 02.07.2020 | 14.10.2020 |
| 7 | ലീല, വാറോള്ളതിൽ, കുറ്റ്യാടി | കർഷക ത്തൊഴിലാളി പെൻഷൻ | 06.11.2020 | 26.02.2021 |
| 8 | കണ്ണൻ.ടി, തായുള്ളതിൽ, | കർഷക ത്തൊഴിലാളി പെൻഷൻ | 19.02.2021 | 04.08.2021 |

| | | | | |
|---|---|---|---|---|
| | ചേരാപുരം | | | |
| 9 | സുരേഷ്.പി, മീത്തലെ പാറമ്മൽ, പൂളക്കുൽ | ശാരീരിക വെല്ലുവിളി നേരിടുന്ന വർക്കുള്ള പെൻഷൻ | 12.02.2021 | 24.08.2021 |
| 10 | സമീറ, ചെറിമുണ്ടക്കൽ, പൂളക്കുൽ | | 24.02.2021 | 29.05.2021 |
| 11 | ലത്തീഫ്, നന്ദോത്ത് വീട്, പൂളക്കുൽ | | 02.03.2021 | 16.07.2021 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. കർഷകതൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. വേളം ഗ്രാമപഞ്ചായത്തിൽ വാർദ്ധക്യകാല പെൻഷൻ രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല. 01.04.2020 മുതൽ 31.03.2021 വരെ സ്ഥാപനത്തിൽ ലഭിച്ച വാർദ്ധക്യകാല പെൻഷൻ അപേക്ഷകളുടെ തുടർനടപടി വിവരങ്ങൾ രജിസ്റ്ററിൽ എഴുതി ചേർത്തിട്ടില്ല.

പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാവാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.05.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,712/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വേളം ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ച് കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ പലപ്പോഴും മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല. ക്യാഷ്ബുക്ക്, ഡേബുക്ക്, ബാങ്ക്-ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട കാൻസൽഡ് റസീറ്റ് റിപ്പോർട്ടുകൾ എല്ലാ മാസവും പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ് ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് 2020-21 വർഷത്തിൽ തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഫീസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവയിൽ 2020-21 വർഷത്തെ വരവ് സംക്ഷിപ്തം പ്രത്യേകമായി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

## 1-10 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല.

പഞ്ചായത്ത് കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിൽ 2020-21 വർഷം 398 കെട്ടിട നിർമ്മാണ പെർമിറ്റ്/ക്രമവൽക്കരണ അപേക്ഷകളാണ് വന്നിട്ടുള്ളത്. കൂടാതെ രജിസ്റ്റർ പ്രകാരം 236 പെർമിറ്റ്/ക്രമവൽക്കരണ അപേക്ഷകൾ മുൻ വർഷങ്ങളിലായി വരികയും അപാകത ഉള്ളതിനാലും പരിശോധന നടത്താത്തതിനാലും 2020-21 വർഷ രജിസ്റ്ററിലേക്ക് ക്യാരി ഫോർവേർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം ആകെ 634 പെർമിറ്റ്/ക്രമവൽക്കരണ ഫയലുകൾ രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷാവസാനം വരെ വന്നിട്ടുണ്ട്. 2020-21 -ൽ മാത്രം ആകെ

വന്ന 398 കെട്ടിട നിർമ്മാണ പെർമിറ്റ്/ക്രമവൽക്കരണ അപേക്ഷകളിൽ 162 അപേക്ഷകൾ ക്രമവൽക്കരണത്തിനായി വന്നവയാണ്. പഞ്ചായത്തിൽ 2020-21 വർഷം വാർഷിക കണക്ക് പ്രകാരം പെർമിറ്റ് ഫീ വന്നിരിക്കുന്നത് 244011/- രൂപയും ക്രമവൽക്കരണ ഫീ 206490/- രൂപയുമാണ്. ഈ കാര്യങ്ങളിൽ നിന്നുതന്നെ അനധികൃത നിർമ്മാണങ്ങളുടെ ബാഹുല്യം വ്യക്തമാവുന്നു. കെട്ടിട നിർമ്മാണം അനുമതി വാങ്ങാതെ നിർവ്വഹിക്കുകയും പണി പൂർത്തിയായ ശേഷം ക്രമവൽക്കരണ അപേക്ഷ സമർപ്പിക്കുകയും ചെയ്തു വരുന്ന പ്രവണത പഞ്ചായത്തിൽ വ്യാപകമായി മുൻ വർഷങ്ങളിലും കാണുന്നു. പല അപേക്ഷകളിലും നോട്ടീസ് നൽകിയിട്ടും മറുപടി ലഭിക്കാത്തതും അനുമതി നൽകാൻ സാധിക്കാത്ത നഞ്ച ഭൂമിയിൽ നിർമ്മിച്ചതായതും മറ്റ് അതിരളവുകളും മറ്റ് നിർമ്മാണത്തിലെ അപാകതകൾ ഉള്ളവയുമായി ധാരാളം നിർമ്മാണം പൂർത്തീകരിച്ച അപേക്ഷകൾ നടപടിയെടുക്കാൻ കഴിയാതെ പഞ്ചായത്തിൽ പെന്റിംഗ് ആയി കിടക്കുന്നതായി കാണാവുന്നതാണ്. ഇവയിൽ അപാകത പരിഹരിക്കാത്ത 60 അപേക്ഷകൾ 2021-22 ൽ പഞ്ചായത്ത് നിരസിച്ചിട്ടുണ്ട്. ഇവയിൽ റസിഡൻഷ്യൽ കെട്ടിടങ്ങളും വാണിജ്യ കെട്ടിടങ്ങളും ഉൾപ്പെടുന്നു. എന്നാൽ ഇത്തരം അനധികൃത നിർമ്മാണങ്ങളുടെ അപേക്ഷ നിരസിച്ച് ചട്ടപ്രകാരമുള്ള തുടർ നടപടി സ്വീകരക്കേണ്ടിയിരുന്നതും അവയെ അനധികൃത കെട്ടിട നിർമ്മാണമായി കണക്കാക്കി യു.എ നമ്പർ നൽകി മൂന്നിരട്ടി വസ്തുനികുതി ഈടാക്കേണ്ടതുമായിരുന്നു. എന്നാൽ ഇത്തരം നടപടികളൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇത്രയും ക്രമവൽക്കരണങ്ങൾ ഉണ്ടാവുകയും അറുപതോളം അപേക്ഷകൾ നിരസിക്കുകയും ചെയ്തിട്ടും ഇവ അനധികൃത കെട്ടിടമായി കണക്കാക്കി രേഖപ്പെടുത്താൻ പഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ പോലും സൂക്ഷിക്കുന്നില്ല. ഇത്തരത്തിൽ നിരസിച്ച ചില ക്രമവൽക്കരണ അപേക്ഷകളിൽ ചില ക്രമവൽക്കരണ അപേക്ഷകളുടെ വിവരങ്ങൾ ചുവടെ പത്രികയിൽ കൊടുക്കുന്നു.

| ക്രമ നം | അപേക്ഷ നം | കെട്ടിടം തരം | അപാകത | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | A3/1125/2017 Dtd.27-03-2017 | വാണിജ്യം | കെട്ടിടം KPBR പാലിക്കുന്നില്ല | 57.55m$^2$ |
| 2 | A3/4125/18 Dtd 26/07/2018 | വാണിജ്യം | നഞ്ച | 132.21 M$^2$ |
| 3 | A3/6207/19 Dtd 30-10-19 | വാണിജ്യം | നഞ്ച, കെട്ടിടം KPBR | 200.74m$^2$ |

| | | | | |
|---|---|---|---|---|
| | | | പാലിക്കുന്നില്ല | |
| 4 | A3/2954/20 Dtd 01-07-20 | വാണിജ്യം | കെട്ടിടം KPBR പാലിക്കുന്നില്ല | 78.56 $M^2$ |
| 5 | A3/4213/19 Dtd 10-07-2019 | വാണിജ്യം | നഞ്ച, കെട്ടിടം KPBR പാലിക്കുന്നില്ല | 57.34$m^2$ |
| 6 | A3/2854/18 Dtd.22-05-2018 | വാണിജ്യം | ഇറിഗേഷൻ കനാൽ അതിർത്തി വ്യക്തമല്ല, FAR, കവറേജ് | 280$m^2$ |
| 7 | A3/3318/19 Dtd 22/05/2019 | വാണിജ്യം | കെട്ടിടം KPBR പാലിക്കുന്നില്ല, CRZ | 45.45$m^2$ |
| 8 | A3/6364/19 Dtd.06-11-19 | വാണിജ്യം | കെട്ടിടം KPBR പാലിക്കുന്നില്ല | 37.18$m^2$ |
| 9 | A3/7959/19 Dtd.26-12-19 | വാണിജ്യം | നഞ്ച | 38.39$m^2$ |
| | ആകെ വിസ്തീർണ്ണം | | | 927.42$m^2$ |

മേൽ പട്ടിക പ്രകാരമുള്ള ഒൻപത് വാണിജ്യ കെട്ടിടങ്ങളുടെ മാത്രം വിവരങ്ങളിൽ നിന്നു തന്നെ ആയിരം ചതുരശ്ര മീറ്ററിനടുത്ത് അനധികൃത വാണിജ്യ കെട്ടിട നിർമ്മാണം നടന്നുകഴിഞ്ഞതായി ബോധ്യപ്പെടുന്നു. അപ്പോൾ നിരസിച്ച മറ്റ് ക്രമവൽക്കരണ അപേക്ഷകളുടെ വിവരങ്ങളും കൂടെ കൂട്ടുമ്പോൾ വലിയ അനധികൃത നിർമ്മാണങ്ങൽ പഞ്ചായത്തിൽ യഥേഷ്ടം നടന്നു വരുന്നതായി ബോധ്യപ്പെടുന്നു. എന്നാൽ ഇത്തരം അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കുന്നതിനായി പഞ്ചായത്തിൽ നാളിതുവരെ ഒരു പരിശോധനാ സംവിധാനം ഒരുക്കിയിട്ടില്ല. വിശദമായി ജോലി വിഭജനം നടത്തി ഫീൽഡ് പരിശോധനാ ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടില്ല. വാർഡ് ക്ലാർക്കുമാർ ഒരു അനധികൃത നിർമ്മാണം പോലും സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടില്ല.

പഞ്ചായത്ത് വികസന/ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ മേൽ വിഷയത്തിൽ പ്രത്യേകം ശ്രദ്ധ കൊടുക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും ഇത് സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

**1-11 വസ്തു നികുതി നിർണ്ണയത്തിന് ശേഷം കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തുന്നു.**

പഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ്/നമ്പറിംഗ് രജിസ്റ്റർ പരിശോധന പ്രകാരം തൻ വർഷം കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ നിർമ്മാണത്തിലെയും, വസ്തുനികുതി ഈടാക്കുന്നതിലെയും, അനധികൃത നിർമ്മാണങ്ങൾ നടന്നിട്ടുണ്ടോ എന്നതിന്റെയും പരിശോധന നടത്തുന്നതിനായി 31-05-2022ന് പഞ്ചായത്ത് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിട നിർമ്മാണത്തിൽ ഗുരുതരമായ ചട്ട ലംഘനങ്ങളും നടപടി ക്രമങ്ങളിൽ വീഴ്ചയും നടന്നതായി ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1) കെട്ടിട നമ്പർ 12/447-Aമുതൽ 12/447-Eവരെ കെട്ടിട നമ്പർ നൽകിയ ശ്രീ.അയ്യൂബ്, അബ്ദുൾ ഹമീദ്, ഇസ്മയിൽ, മുഹമ്മദ്, റാഷിദ്, ജമാൽ എന്നിവരുടെ ഉടമസ്ഥതയിലുള്ളതും "ബെസ്റ്റ് ബൈ ഹൈപ്പർമാർക്കറ്റ്" പ്രവർത്തിക്കുന്നതുമായ കെട്ടിടത്തിന്റെ കെട്ടിട നിർമ്മാണ കംപ്ലീഷൻ പ്ലാൻ പ്രകാരം നടത്തിയ സ്ഥല പരിശോധനയിൽ ചുവടെ കൊടുത്ത അപാകതകളുള്ളതായി കാണുന്നു.

A) മേൽ കെട്ടിടത്തിന്റെ 15-7-20 ലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയുടെ അടിസ്ഥാനത്തിൽ 02-11-2020 തീയതിയിൽ A3-3368/2020 നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ലോഡിംഗ് അൺലോഡിംഗ് ഏരിയയായി കാണിച്ചിരിക്കുന്ന കെട്ടിടത്തിന്റെ മുൻ വശത്ത് സ്ഥല പരിശോധന നടത്തിയപ്പോൾ ചട്ടം 29(7) പ്രകാരം ലോഡിംഗ് അൺലോഡിംഗ് ഏരിയ ലഭ്യമല്ല എന്ന് കണ്ടു.

B) 02-11-2020ലെ A3-3368/2020 നമ്പർ പെർമിറ്റ് പ്രകാരമുള്ളതിൽ നിന്നും വ്യത്യസ്ഥമായി ഒന്നാം നിലയിൽ ചെറിയ മുറികളായുള്ള പാർട്ടീഷ്യൻ ഒഴിവാക്കി വലിയ പാർട്ടീഷ്യൻ നടത്തി സമർപ്പിച്ച കംപ്ലീഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് ക്രമവൽക്കരണ ഫീയായി 17216/- രൂപ ഈടാക്കി 18-01-2021ന് 2020-21 ഒന്നാം അർദ്ധ വർഷം മുതൽ കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. പ്ലാൻ

പ്രകാരം കെട്ടിടം ആകെ 860.82 ച.മീ ആണുള്ളത്. (ഗ്രൗണ്ട് ഫ്ലോർ 425.68$M^2$ ഉം, ഒന്നാം നില 409.66 $M^2$ ഉം രണ്ടാം നില 25.48 M2 ഉം). ഇതിൽ ഗ്രൗണ്ട് ഫ്ലോറിൽ 13.5$M^2$ വീതമുള്ള രണ്ട് (ആകെ 27 M2) വാണിജ്യാവശ്യത്തിനുള്ള മുറികൾ മാത്രമാണ് ഉള്ളത്. ബാക്കി ഏരിയ (398.68 M2) മുഴുവൻ കാർ പാർക്കിഗും ഡ്രൈവ് വെയും ആയാണ് കാണിച്ചിരിക്കുന്നത്. പ്ലാൻ പ്രകാരം 860.82 $M^2$ ഉള്ള കെട്ടിടത്തിന് ചട്ടപ്രകാരം 10 പാർക്കിങ്ങ് ആവശ്യമാണ്. എന്നാൽ കെട്ടിടത്തിന് മുൻവശം കാണിച്ചിരിക്കുന്ന ഒരു ഡിസേബിൾഡ് പാർക്കിംഗും കെട്ടിടത്തിന് പുറക് വശം കാണിച്ചിരിക്കുന്ന ഒരു പാർക്കിങ്ങും ഒഴികെ ബാക്കി 8 കാർ പാർക്കിങ്ങുകൾ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിലാണ് കാണിച്ചിരിക്കുന്നത്. സ്ഥല പരിശോധനയിൽ ഗ്രൗണ്ട് ഫ്ലോറിലെ പാർക്കിങ്ങ് മുഴുവൻ ഒഴിവാക്കി സെൻട്രലൈസ്ഡ് എ.സിയാക്കി "ബെസ്റ്റ് ബൈ ഹൈപ്പർമാർക്കറ്റ്" എന്ന സ്ഥാപനം പ്രവർത്തിച്ച് വരുന്നതായി കാണാൻ സാധിച്ചു. കെട്ടിടത്തിന് പാർക്കിങ്ങിനായി പ്ലോട്ടിൽ വേറെ സ്ഥലം ലഭ്യമല്ല എന്ന് പ്ലാനിൽ നിന്നും സൈറ്റിൽ നിന്നും വ്യക്തമാണ്.

C) സ്ഥല പരിശോധനയിൽ സമർപ്പിച്ച പ്ലാനിൽ നിന്നും വ്യതിചലിച്ചാണ് താഴെ നിലയിലെ ടോയ്ലെറ്റ് ബ്ലോക്ക് ഉള്ളത്. ഒന്നാം നിലയിൽ കാണിച്ചിരിക്കുന്ന ടോയ്ലെറ്റ് ബ്ലോക്ക് പൂർണ്ണമായും പൊളിച്ചുമാറ്റി സൂപ്പർമാർക്കറ്റിന്റെ ഭാഗമാക്കി ഗ്ലാസ് പാർട്ടീഷ്യൻ ചെയ്ത് മുറിയാക്കിയിരിക്കുന്നതായി കണ്ടു. ഇതിനാൽ കെട്ടിടത്തിന് ചട്ടപ്രകാരം ആകെ ആവശ്യമായ ടോയ്ലെറ്റ് ഏരിയ ലഭ്യമാവുകയില്ല.

D) പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ രണ്ടാം നിലയിൽ കോണിക്കൂട് മാത്രമാണുള്ളത്. എന്നാൽ സ്ഥല പരിശോധനയിൽ മുകൾ നില മുഴുവനായി പ്ലാനിൽ നിന്നും അധികരിച്ച് ട്രസ്സ് വർക്ക് ചെയ്ത് സൂപ്പർമാർക്കറ്റിന്റെ ഗോഡൗണും കിച്ചൺ ഏരിയയും ടോയ്ലെറ്റ് ബ്ലോക്കും പ്രവർത്തിക്കുന്നതായി കണ്ടു.

E) പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പുറക് വശം ഇറിഗേഷന്റെ ഉടമസ്ഥതയിലുള്ള കനാലിന്റെ സ്ഥലമാണ്. എന്നാൽ ഇതിന്റെ അതിർത്തി കെട്ടിടം നിൽക്കുന്ന സ്ഥലത്തിന്റെ അതിരുമായി അതിർത്തി തിരിച്ചിട്ടില്ല എന്ന് സ്ഥല പരിശോധനയിൽ കണ്ടു. ഇതിൽ വ്യക്തത വരുത്തുന്നതിനായി പഞ്ചായത്തിലെ ഇറിഗേഷൻ സ്ഥലം കയ്യേറിയത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ "ബെസ്റ്റ് ബൈ ഹൈപ്പർ മാർക്കറ്റ്" പ്രവർത്തിക്കുന്ന പ്രസ്തുത കെട്ടിടം ഉൾപ്പടെയുള്ള ചില കെട്ടിടങ്ങളും നിർമ്മാണങ്ങളും ഇറിഗേഷൻ സ്ഥലം കയ്യേറി നിർമ്മാണം നടത്തിയതായി കാണിച്ച് "14-03-2022 -ന് കെ.വൈ.ഐ.പി, പേരാമ്പ്ര കനാൽ സെക്ഷൻ നം-2, അസി. എഞ്ചിനിയർ AE/KYIP/ S2/Enchroachment/2021- 22 നമ്പർ കത്ത് " പ്രകാരം പഞ്ചായത്തിനെ അറിയിക്കുകയും അനധികൃത നിർമ്മാണം പൊളിച്ച് നീക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമയ്ക്ക് പഞ്ചായത്ത് 20-03-22ൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

F) സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ ഒന്നാം നില വരെ വെന്റിലേഷൻ ഇല്ലാതെ ക്ലോസ്ഡ് ആയി നിർമ്മാണം നടത്തുകയും സെൻട്രലൈസ്ഡ് എ.സി യോടെയും ഒന്നാം നില വരെ മേൽത്തരം തറയോടു കൂടെയും സ്ഥാപനം പ്രവർത്തിക്കുന്നതായി കണ്ടു. എന്നാൽ സഞ്ചയ പരിശോധിച്ചപ്പോൾ വസ്തുനികുതി കണക്കാക്കിയതിൽ ഇവ പരിഗണിച്ചിട്ടില്ല എന്ന് കാണുന്നു. വസ്തുനികുതി കണക്കാക്കിയ ശേഷമാണ് കെട്ടിടത്തിൽ മാറ്റം വരുത്തിയതെങ്കിൽ സ്ഥാപനത്തിന് എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് അനുവദിക്കുമ്പോൾ മേൽ അനധികൃത നിർമ്മാണം പരിശോധിച്ച് ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം പരിശോധിക്കുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പകരം "ജെ.എം. ബെസ്റ്റ് ബൈ ഹൈപ്പർമാർക്കറ്റ് പ്രൈവറ്റ് ലിമിറ്റഡ്, പള്ളിയത്ത് " എന്ന മേൽ സ്ഥാപനത്തിന് 2021-22 ൽ 119/21-22/B1/1245/21 നമ്പറായി എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് 5000/- രൂപ ലൈസൻസ് ഫീയായി ഈടാക്കി അനുവദിക്കുകയാണുണ്ടായിട്ടുള്ളത്. ലൈസൻസിൽ, കെട്ടിടത്തിന് വസ്തു നികുതി കണക്കാക്കുമ്പോൾ നൽകിയ “12/447A മുതൽ E” വരെയുള്ള കെട്ടിട നമ്പറാണ് നൽകിയിരിക്കുന്നത്. എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് നൽകുമ്പോൾ പാർക്കിഗ് ഏരിയ സൂപ്പർമാർക്കറ്റായി പരിവർത്തനം ചെയ്തിരുന്നു എന്ന് ഇതിൽ നിന്നുതന്നെ വ്യക്തമാണ്.

മേൽ കെട്ടിടത്തിന് കെട്ടിട നമ്പർ നൽകിയ ശേഷം പ്ലാനിൽ നിന്നും വ്യതിചലിച്ച് നടത്തിയ നിർമ്മാണങ്ങളെയും ഉപയോഗങ്ങളെയും സംബന്ധിച്ച് വേളം ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനിയർ പഞ്ചായത്തിൽ A3/3302/21 Dtd.5/7/21 നമ്പർ തപാൽ പ്രകാരം പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. ഇത് പ്രകാരം പ്രസ്തുത അനധികൃത നിർമ്മാണം പൊളിച്ചു കളയേണ്ടതാണ് എന്ന് കാണിച്ച് 18-8-21 ലെ A3/5973/21 നമ്പർ ഉത്തരവ് സെക്രട്ടറി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവ് പ്രകാരം കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകിയതായി കാണുന്നില്ല. ഇറിഗേഷൻ വകുപ്പിൽ നിന്നും പ്രസ്തുത കെട്ടിടം ഇറിഗേഷൻ സ്ഥലം കയ്യേറിയതായും ഇത് പൊളിച്ചു നീക്കേണ്ടതാണ് എന്നും കാണിച്ച് മേൽ പരാമർശിച്ച 14-03-2022 -ലെ കത്ത് നൽകിയതിന് ശേഷം മാത്രം 20-03-22 -നാണ് കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകിയത്. എന്നാൽ ഈ നോട്ടീസിൽ ഇറിഗേഷൻ സ്ഥലം കയ്യേറിയത് പൊളിച്ചുകളയേണ്ടതാണ് എന്ന് മാത്രമാണ് പരാമർശിച്ചിരിക്കുന്നത്. എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനിയർ 5/7/21 ലെ കത്ത് പ്രകാരം പരാമർശിച്ച മറ്റ് അപാകതകൾ കത്ത് നൽകി എട്ട് മാസം കഴിഞ്ഞിട്ടും ഈ നോട്ടീസിൽ ഉൾപ്പെടുത്തുകയോ ലൈസൻസ് റദ്ദു ചെയ്യുകയോ അനധികൃത നിർമ്മാണത്തിനെതിരെ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽ റിപ്പോർട്ടിൽ കുഞ്ഞമ്മദ് എ.കെ.ആയാടക്കണ്ടി, പൂളക്കൂൽ.പി.ഒ, കക്കട്ടിൽ എന്നവർ കനാലിനോട് ചേർന്ന് പള്ളിയത്ത് ടൗണിലായി സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കനാലിനോട് ചേർന്ന് വളരെ ഗുരുതര ആരോഗ്യ

പ്രത്യാഘാതങ്ങളുണ്ടാക്കുന്ന സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നത് തടയുന്നതിനോ പൊളിച്ചുമാറ്റുന്നതിനോ ഉള്ള കർശന നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഇതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ആരോഗ്യ വികസന സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇതിൽ തുടർ നടപടി ഉറപ്പ് വരുത്തേണ്ടതുമാണ്.

ഓഡിറ്റ് പിരീഡ് വരെയും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും പ്രസ്തുത അനധികൃത നിർമ്മാണത്തിനെതിരെ മറ്റ് കർശന നടപടികളൊന്നും ഉണ്ടാവാതെ ബെസ്റ്റ് ബൈ ഹൈപ്പർമാർക്കറ്റ് എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ അനധികൃതമായ ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ എഫ്.ടി.ഇ&ഒ.എസ് ലൈസൻസും കെട്ടിട നമ്പറും റദ്ദു ചെയ്യേണ്ടതും കെട്ടിടത്തെ അനധികൃത കെട്ടിടമായി കണക്കാക്കി യു.എ നമ്പർ നൽകി നിലവിൽ നിർമ്മാണം പൂർത്തിയായ ഏരിയയ്ക്കനുസൃതമായി മൂന്ന് ഇരട്ടി വസ്തു നികുതി പിഴയായി ചുമത്തി അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി അനധികൃത നിർമ്മാണങ്ങൾക്കെതിരെയുള്ള ചട്ടപ്രകാരമുള്ള തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ഇവയുടെ വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-12 സാങ്കേതിക വിഭാഗത്തിന് ഫയൽ കൈമാറാതെ അനധികൃത നിർമ്മാണം സെക്രട്ടറി ക്രമവൽക്കരിച്ചു നൽകി

മേൽ ഖണ്ഡിക '1-11 ' ൽ സൂചിപ്പിച്ച 'ജെ.എം. ബെസ്റ്റ് ബൈ ഹൈപ്പർ മാർക്കറ്റ് പ്രൈവറ്റ് ലിമിറ്റഡ്' എന്ന സ്ഥാപനം പ്രവർത്തിക്കുന്നതും 12/447-A മുതൽ 12/447-E വരെ കെട്ടിട നമ്പർ നൽകിയതുമായ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം സ്ഥല പരിശോധന നടത്തിയപ്പോൾ കെട്ടിടത്തിന്റെ തൊട്ട് വടക്ക് വശത്തായി കെട്ടിടത്തിന്റെ അതിരുമായി ചട്ടപ്രകാരം ആവശ്യമായ അകലം പാലിക്കാതെയും അതിര് വ്യക്തമാവാതെയും ആവശ്യമായ പാർക്കിങ്ങ് ഏരിയ ഇല്ലാതെയുമായി " ടി.കെ.എം കോംപ്ലക്സ് " എന്ന കെട്ടിടം സ്ഥിതിചെയ്യുന്നതായി കണ്ടു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ കെട്ടിടത്തിന്റെ നമ്പറിംഗ് ഫയൽ ആവശ്യപ്പെട്ടുകയും ഇത് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ സ്ഥല പരിശോധനയിൽ കണ്ട അപാകതകളുടെ പരിശോധന നടത്തിയപ്പോൾ ചുവടെ പരാമർശിക്കുന്നതായ ഗുരുതര ചട്ട ലംഘനങ്ങളും നടപടിക്രമങ്ങളിൽ വീഴ്ചയും നടന്നതായി കണ്ടു.

A) 10-05-2021 ന് A3-2719/21 നമ്പർ തപാൽ പ്രകാരം വാണിജ്യ കെട്ടിടം ക്രമവൽക്കരിക്കുന്നതിനായാണ് ഉടമയായ ശ്രീ.മുസ്തഫ തങ്ങൾ, ഖലീഫ മൻസിൽ എന്നവർ പഞ്ചായത്തിൽ അപേക്ഷ നൽകിയിരിക്കുന്നത്. അപേക്ഷ പ്രകാരം കെട്ടിടം 426.92$m^2$ ആണുള്ളത്. സ്ഥല പരിശോധനയിൽ "ബെസ്റ്റ് ബൈ ഹൈപ്പർമാർക്കറ്റിനോട് " ചേർന്നുള്ള പ്രസ്തുത കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ ചെറിയ ഷോപ്പ് മുറികളായി തിരിക്കുകയും ഇതിന്റെ ഓപ്പണിങ്ങ് ഹൈപ്പർമാർക്കറ്റിന്റെ സൈഡിലേക്ക് മാത്രവുമായിരിക്കുകയും ചെയ്യുന്നതിനാൽ കെട്ടിടത്തിന് ആവശ്യമായ സൈഡ് യാർഡ്

സൈറ്റിൽ ലഭ്യമാവുകയില്ല എന്ന് കാണുന്നു.

B) കെട്ടിടത്തിന് ചട്ടപ്രകാരം ആവശ്യമുള്ള പാർക്കിങ്ങ് ഏരിയ സൈറ്റിൽ ലഭ്യമല്ല എന്ന് സ്ഥല പരിശോധനയിൽ കാണുന്നു. ഫയൽ പരിശോധിച്ചതിൽ പാർക്കിങ്ങിനായി അപേക്ഷയിൽ കാണിച്ചിരിക്കുന്ന ഏരിയ റിയർ യാർഡിനായി വച്ചിരിക്കുന്ന ഏരിയയുടെ 50% ത്തിൽ ഏറെ ഉപയോഗിക്കുന്നു എന്നു കാണുന്നു. എന്നാൽ സ്ഥല പരിശോധനയിൽ പാർക്കിങ്ങിനായി കാണിച്ച സ്ഥലം ചുമർ കെട്ടി ഉയർത്തി മുറിയാക്കിമാറ്റിയിരിക്കുകയാണ് എന്ന് ബോധ്യപ്പെട്ടു. കൂടാതെ ടൂവീലർ പാർക്കിങ് പ്ലാനിൽ കാണിക്കുകയോ സ്ഥലത്ത് നിലവിൽ ലഭ്യമാവുകയോ ഇല്ല. അതിനാൽ കെട്ടിടത്തിന് കെ.പി.ബി.ആർ പ്രകാരം ആവശ്യമായ പാർക്കിങ് സൈറ്റിൽ ഒരു വിധത്തിലും ലഭ്യമാവുകയില്ല.

C) കെട്ടിടത്തിന്റെ പുറക് വശം ഇറിഗേഷൻ കനാലിന്റെ സ്ഥലവുമായി അതിർത്തി പങ്കിടുന്നുണ്ടെങ്കിലും അതിര് തിരിച്ചിട്ടില്ല എന്ന് സ്ഥല പരിശോധനയിൽ കാണുന്നു. ഫയൽ പരിശോധിച്ചതിൽ ഇറിഗേഷനിൽ നിന്നും NOC ലഭ്യമാക്കിയിട്ടല്ല കെട്ടിട നമ്പർ അനുവദിച്ചിരിക്കുന്നത് എന്ന് ബോധ്യപ്പെട്ടു.

D) കെട്ടിടത്തിന്റെ വടക്ക് വശത്തുള്ള അതിർത്തി, തൊട്ടടുത്ത 'അൽ-ഖാലിദ് ബേക്കറി' (FTE&OSലൈസൻസ് നം.191/2021-22ഉം ലൈസൻസിൽ കാണിച്ച കെട്ടിട നമ്പർ 12/445A ന്റെ ഉടമ സഞ്ചയ പ്രകാരം മുനീറ, കിഴക്കയിൽ താമസിക്കും വിരുതിക്കര, പള്ളിയത്ത് എന്നവരുമാണ്) എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലവുമായി പ്ലാനിൽ കാണിച്ച പ്രകാരം അല്ല അളവുകളുള്ളത് എന്ന് സ്ഥല പരിശോധനയിൽ കണ്ടു. എന്നാൽ പ്ലാൻ പ്രകാരമാണ് കെട്ടിടത്തിന് ഒക്യുപ്പെൻസി അനുവദിച്ചിരിക്കുന്നത് എന്നാണ് സെക്രട്ടറി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

10-05-2021 ലെ ക്രമവൽക്കരണ അപേക്ഷ പ്രകാരം സ്ഥല പരിശോധന നടത്തിയ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ 17-06-2021ന് സ്ഥല പരിശോധനാ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ മേൽ പരാമർശിച്ച "A" മുതൽ "D" വരെയുള്ള ഗുരുതര അപാകതകൾ അസിസ്റ്റന്റ് എഞ്ചിനീയർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കൂടാതെ മേൽ കെട്ടിടം പൊളിച്ച് മാറ്റാൻ ഉടനടി നോട്ടീസ് നൽകേണ്ടതാണെന്ന് ഈ റിപ്പോർട്ടിൽ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ന്യൂനത പരിഹരിക്കുന്നതിനായി കെട്ടിട ഉടമയ്ക്കും പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ച് പ്ലാൻ തയ്യാറാക്കി സമർപ്പിച്ച എൽ.ബി.എസ്സി നം വിശദീകരണം ആവശ്യപ്പെട്ട് 04-07-2021 ന് A3-32719/21നം പ്രകാരം നോട്ടീസ് പഞ്ചായത്തിൽ നിന്നും നൽകുകയും ചെയ്തു. നോട്ടീസിന് മറുപടിയായി 09-07-2021ൽ തപാൽ നം A3-3388/21 പ്രകാരം കെട്ടിട ഉടമ അപാകതകൾ പരിഹരിച്ച പ്ലാൻ പുന:സമർപ്പിച്ചതായും കാണുന്നു.

എന്നാൽ 09-07-2021 -ലെ പുന:സമർപ്പിച്ച പ്ലാൻ പരിശോധിയ്ക്കാൻ ഫയൽ സാങ്കേതിക വിഭാഗത്തിന് കൈമാറാതെ 16-07-2021 ന് പഞ്ചായത്ത് സെക്രട്ടറി നേരിട്ട് സ്ഥല പരിശോധന നടത്തുകയും 04-07-2021 ന് നൽകിയ നോട്ടീസ് പ്രകാരമുള്ള അപാകതകൾ മുഴുവൻ പരിഹരിച്ചതായി മനസിലായതായും 100/2009 പ്രകാരം കെട്ടിട നിർമ്മാണ അനുമതി നൽകി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടമാണ് എന്ന് ബോധ്യപ്പെട്ടതായും ഇറിഗേഷൻ സ്ഥലം സംബന്ധിച്ച് അതിർത്തി പ്രശ്നം നിലവിലില്ലാത്തതാണെന്നും പ്ര ശ്നം ഉണ്ടാവുകയാണെങ്കിൽ അപാകത പരിഹരിക്കാൻ തയ്യാറാണെന്ന് സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് തന്നിട്ടുണ്ട് എന്നും ഈ കാര്യ ങ്ങളെല്ലാം മുഖവിലയ്ക്കെടുത്ത് കെട്ടിടം റഗുലറൈസ് ചെയ്യുന്നതിന് ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് നൽകാൻ ഉത്തരവ് നൽകുകയും ചെയ്തു.

ഇതിന്റെ അടിസ്ഥാനത്തിൽ 8540/- രൂപ ക്രമവൽക്കരണ ഫീയായി ഈടാക്കി കെട്ടിടം ക്രമവൽക്കരിക്കുകയും 2021-22 മുതൽ 12/448Aമുതൽ M വരെ കെട്ടിട നമ്പർ നൽകി വസ്തുനികുതി ഈടാക്കുകയും ചെയതിട്ടുണ്ട്.

31-05-2022ൽ സംസ്ഥാന ഓഡിറ്റ് വിഭാഗം എൽ.എസ്.ജിഡി അസിസ്റ്റന്റ് എഞ്ചിനിയറുടെ സാന്നിധ്യത്തിൽ സ്ഥല പരിശോധന നടത്തിയപ്പോൾ മേൽ പരാമർശിച്ച 'A' മുതൽ 'D' വരെയുള്ള അപാകതകൾ നിലനിൽക്കുന്നതായും ' 'ടി.കെ.എം.കോംപ്ലക്സ് ' എന്ന് പേരിട്ട ഈ കെട്ടിടത്തിൽ "Afrah Optics " എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നതായും കണ്ട് ബോധ്യപ്പെട്ടിട്ടുണ്ട്.

10-05-2021ലെ ക്രമവൽക്കരണ അപേക്ഷയുടെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് നമ്പർ 100/2009 പ്രകാരം കെട്ടിട നിർമ്മാണ അനുമതി നൽകി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടമാണ് ഇത് എന്ന ാണ് സെക്രട്ടറി 16-07-2021 ലെ നോട്ട് ഫയലിൽ എഴുതി യിരിക്കുന്നത്. എന്നാൽ കെട്ടിട നിർമ്മാണ ചട്ടപ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിന്റെ കാലാവധി മേൽ കാലയളവിൽ പരമാവധി ഒൻപത് വർഷമാണ്. ഇത് പ്രകാരം കാലാവധി അവസാനിച്ച പെർമിറ്റാണ് ഇത്. കൂടാതെ ക്രമവൽക്കരണത്തിനാണ് ഉടമ അപേക്ഷ സമർപ്പിച്ചിരിക്കുന്നത് . പരാമർശിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് ആരുടെ പേരിലാണെന്നോ കാലാവധി യഥാസമയം പുതുക്കിയതാണെന്നോ നിലവിൽ ക്രമവൽക്കരണത്തിന് നൽകിയ പ്ലാൻ തന്നെയാണോ പെർമിറ്റ് അനുവദിച്ച പ്ലാൻ എന്നോ ാ എന്നൊന്നും പരിശോധിക്കുന്നതിനായി മേൽ പെർമിറ്റിന്റെ പകർപ്പ് ഫയലിൽ സമർപ്പിക്കുകയോ കെട്ടിട ഉടമ ഇത് സംബന്ധിച്ച് അപേക്ഷയിൽ പാരാമർശിക്കുകയോ പോലും ചെയ്തിട്ടില്ല. എന്നാൽ അപേക്ഷയിൽ സമർപ്പിച്ച ആധാരത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് നം . 105/2008-09 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് 2017-18 ൽ കാലഹരണപ്പെട്ടതാണ് (9 വർഷം). ആധാര പ്രകാരം കെട്ടിട ഉടമ പ്രസ്തുത കെട്ടിടം നില നിൽക്കുന്ന സ്ഥലം വാങ്ങിയിരിക്കുന്നത് 2016 -ൽ ആണ്. ഇത്

പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് ഉടമസ്ഥാവകാശം നിലവിലെ കെട്ടിട ഉടമയുടെ പേരിലേക്ക് മാറ്റിയിട്ടുണ്ടോ എന്നും വ്യക്തമല്ല. സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയ 100/2009 എന്ന പെർമിറ്റ്, പെർമിറ്റ് രജിസ്റ്റർ 2009-10 പ്രകാരം ' രാജൻ, സീന ചെക്കിലോട്ട് മ ീത്തൽ' എന്നിവരുടെ ഉടമസ്ഥതയിലുള്ളതാണ് . ആധാരത്തിലെ പെർമിറ്റ് നമ്പർ പ്രകാരമുള്ള പെർമിറ്റ് ഫയ ലും, സെക്രട്ടറി നോട്ടിൽ പരാമർശിച്ച പെർമിറ്റ് ഫയലും 2008-09 കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററും ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ 02-06-2022 ന് നൽകിയെങ്കിലും ഫയ ലും രജിസ്റ്ററും ഓഡിറ്റിന് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല .

കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ച് നിർമ്മാണം പൂർത്തിയായ കെട്ടിടമായിരുന്നാൽ പോലും പെർമിറ്റ് കാലാവധി കഴിഞ്ഞാൽ ഇതിന് യാതൊരു വാലിഡിറ്റിയും ഇല്ലാതാവുന്നതും ഇത്തരം കെട്ടിട നിർമ്മാണത്തെ പുതിയ കെട്ടിട നിർമ്മാണമെന്ന രീതിയിൽ പരിഗണിക്കേണ്ടതും ഇതിന് പുതിയ കെട്ടിട നിർമ്മാണ പെർമിറ്റ്/ക്രമവൽക്കരണ അപേക്ഷ നൽകേണ്ടതും ഇതിന് അപേക്ഷ സമർപ്പിക്കുന്ന കാലയളവിലെ നിയമങ്ങളും ചട്ടങ്ങളും മാത്രം ബാധകമായിരിക്കുന്നതുമാണ്. എന്നാൽ കെട്ടിട ഉടമ ക്രമവൽക്കരണ അപേക്ഷയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ലഭ്യമാക്കുകയോ പെർമിറ്റ് പ്രകാരം നിർമ്മിച്ച കെട്ടിടമെന്ന് അവകാശപ്പെടുകയോ പോലും ചെയ്തിട്ടില്ല. എന്നിട്ടും "2009ലെ 100"-ാം നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ എന്ന് വ്യാജമായി നോട്ട് എഴുതി സാങ്കേതിക വിഭാഗം നിരസിക്കുകയും കെട്ടിടം പൊളിച്ച് മാറ്റാൻ നിർദ്ദേശിക്കുകയും ചെയ്ത ക്രമവൽക്കരണ അപേക്ഷ, പുന:സമർപ്പിച്ച ഫയൽ സാങ്കേതിക വിഭാഗത്തിന് കൈമാറാതെ സെക്രട്ടറി നേരിട്ട് സ്ഥല പരിശോധന നടത്തി അപാകത പരിഹരിച്ചത് ബോധ്യപ്പെട്ടതായി റിപ്പോർട്ട് എഴുതി കെട്ടിട നമ്പർ അനുവദിച്ചത് പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ട ലംഘനവും നടപടിക്രമങ്ങളുടെ ലംഘനവുമാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സെക്രട്ടറിയിൽ നിന്നും മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെടേണ്ടതും തുടർ നടപടികളുടെ വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-13 ഗോവർദ്ധൻ-ബയോഗ്യാസ് പ്ലാന്റ് ഉപയോഗപ്പെടുന്നില്ല

പ്രേജക്ട് നം-214/20-21 (സ്പിൽ ഓവർ)

അടങ്കൽ -1152000 (440000- വികസനഫണ്ട്, 712000- കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് -571691 (440000- (ബിൽ നം-299/30-3-21, വികസനഫണ്ട്),

131691-(261/23-3-21 കേന്ദ്രാവിഷ്കൃത ഫണ്ട് )

നിർവ്വഹണം-സെക്രട്ടറി.

പ്രതിദിനം 600 കിലോ ശേഷിയുള്ള ഫിക്സഡ് ഡോം ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്ക ലിനായി

വികസന ഫണ്ട് ശുചിത്വമിഷൻ ഫണ്ട് എന്നിവ വകയിരുത്തി 2018-19 വർഷം ആരംഭിച്ച പദ്ധതി സ്പിൽ ഓവറായി തുടരുകയും 2020-21 വർഷം നിർവ്വഹണ ഏജൻസിയായ സോഷ്യോ ഇക്കണോമിക്ക് യൂനിറ്റ് ഫൗണ്ടേഷൻ സമർപ്പിച്ച ബിൽ പ്രകാരം 571691/- രൂപ സെക്രട്ടറി പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ എം ബുക്ക് നം-1 പ്രകാരമുള്ള 1139691/- രൂപ പ്രവൃത്തി മൂല്യത്തിൽ മുമ്പ് നിർവ്വഹണ ഏജൻസിക്ക് നൽകിയ 568000/- രൂപ കഴിച്ച് ബാക്കി തുകയാണ് ഓഡിറ്റ് വർഷം നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുള്ളത്. 1-06-22 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധനയ്ക്കായി പ്ലാന്റ് സന്ദർശിച്ചതിൽ പ്ലാന്റ് അബ്ദുൾ ലത്തീഫ് മടക്ക് മൂലയിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള അഗ്രോപാർക്കിലാണ് സ്ഥാപിച്ചിരിക്കുന്നത് എന്ന് കാണാൻ കഴിഞ്ഞു. പ്ലാന്റിനായി സ്ഥാപിച്ച ഷെഡിൽ പാഴ് വസ്തുക്കൾ കൂട്ടിയിട്ടുണ്ട്. പ്ലാന്റ് പൂർണ്ണമായ തോതിൽ പ്രവർത്തന സജ്ജമായിട്ടില്ല. പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന പരിമിതമായ ബയോഗ്യാസ് അഗ്രോപാർക്കിലെ ജീവനക്കാരായ അന്യസംസ്ഥാന തൊഴിലാളികളിൽ ഒരു കുടുംബത്തിന് മാത്രമാണ് ഉപയോഗപ്പെടുന്നത്. പ്ലാന്റിന് സമീപം ഏതാനും അന്യസംസ്ഥാന തൊഴിലാളി കുടുംബങ്ങൾ താമസിക്കുന്ന ഷെഡുകൾ മാത്രമാണ് ഉള്ളത്. സമീപത്തായി മറ്റ് വീടുകൾ ഒന്നും തന്നെയില്ല. മുൻവർഷത്തെ ചെലവടക്കം ആകെ 1720000/- രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയിൽ നാളിതുവരെയായി 1152000/- രൂപ ചെലവഴിച്ചിട്ടും ഒരു അന്യസംസ്ഥാന തൊഴിലാളി കുടുംബത്തിനു മാത്രമാണ് പദ്ധതി കൊണ്ടുള്ള ഗുണം ലഭിച്ചത്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് 2018-19 വർഷത്തെ പ്രോജക്ട്, എസ്റ്റിമേറ്റ്, ഡിസൈൻ, ചെലവ് വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ടിട്ടും ആയത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വൻ തുക ചെലവഴിച്ച് നിർമ്മിച്ച പ്ലാന്റ് കൊണ്ട് പഞ്ചായത്തിലെ ജൈവമാലിന്യങ്ങൾ സംസ്കരിച്ച് ഉല്പാദിപ്പിക്കുന്ന ഗ്യാസ് പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള സംവിധാനം ഒരുക്കുന്നതിന് പകരം സ്വകാര്യ വ്യക്തിയുടെ ഫാമിൽ സൃഷ്ടിക്കപ്പെടുന്ന ജൈവമാലിന്യങ്ങൾ സംസ്കരിച്ച് ഉണ്ടാക്കുന്ന ബയോഗ്യാസ് ഫാമിലെ തൊഴിലാളികൾക്ക് മാത്രം ഉപയോഗപ്പെടുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ആയതിനാൽ പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ച തുക പാഴ് ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ്. പദ്ധതിക്കായി 2020-21 വർഷം ചെലവഴിച്ച 571691/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

1-14 ജലജീവൻ മിഷൻ പദ്ധതി പ്രകാരം വാട്ടർ കണക്ഷൻ നൽകാൻ കഴിയുമെന്നിരിക്കെ പൈപ്പ് ലൈൻ നീട്ടൽ പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക് തുക കൈമാറി.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം 246/21 പ്രകാരം ഓഡിറ്റ് വർഷം 863569/- രൂപ (500000/-ബിൽ നം-215/1-3-21, 363569/-ബിൽ നം- 246/1-3-21) പഞ്ചായത്ത് വിഹിതമായി ജലജീവൻ മിഷന് അടവാക്കുകയും 2020-21 വർഷം തന്നെ 259 പേർക്ക് ജലജീവൻ

മിഷൻ വാട്ടർ കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. തൻവർഷം തന്നെ 263/21 പദ്ധതിയിൽ പൈപ്പ് ലൈൻ നീട്ടലിനായി 2262259/-രൂപ (ബിൽ നം-255/23-3-21) കേരളാ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . 22-3-21ലെ No-D-6/8664/2021 എസ്റ്റിമേറ്റ് അബ്സ്ട്രാക്ട് പ്രകാരം കൈമാറിയ തുകയുടെ വിനിയോഗവിവരം ആവശ്യപ്പെട്ടതിൽ ജലജീവൻ മിഷനിൽ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകാൻ കഴിഞ്ഞതിനാൽ ഡെപ്പോസിറ്റ് ചെയ്ത തുക നാളിതുവരെ വിനിയോഗിക്കാൻ കഴിയാഞ്ഞതായാണ് ഓഡിറ്റിനെ അറിയിച്ചത്. ജലജീവൻ മിഷന് 1-3-2021 തുക അടവാക്കിയിട്ടുണ്ട് എന്നിരിക്കേ ഇതേ ആവശ്യത്തിന് മറ്റൊരു പ്രോജക്റ്റിൽ 22-3-21 ൽ വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയത് വഴി പഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾക്കായി ചെലവഴിക്കേണ്ട തുക മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടാൻ കഴിയാതെ പോയി. ആയതിന് വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം ചെയ്ത ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് പദ്ധതിക്കായി വകയിരുത്തിയ അടങ്കൽ കുറഞ്ഞു പോയതിനാൽ ഗുണഭോക്താക്കൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ സഹായം നൽകാൻ കഴിയാതെയിരിക്കെയാണ് ഇത്തരത്തിൽ അനുവദിച്ച തുക വിനിയോഗിക്കാൻ കഴിയാതെ പോയതെന്ന കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വിനിയോഗിക്കാതെ അവശേഷിക്കുന്ന 2262259/- രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്. ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-15 ഗ്രമപഞ്ചായത്ത് ഉപകരണങ്ങൾ വാങ്ങൽ പദ്ധതിയിലെ അപാകതകൾ

പ്രോജക്ട് നം-159/20-21

അടങ്കൽ-125000/-

ചെലവ്-85904/- (ബിൽ നം-175/4-2-21)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രൂപീകരിച്ച പദ്ധതിയിൽ 50000/-രൂപയ്ക്ക് പ്രോജക്റ്റർ,75000/-സ്കാനർ എന്നിവ വാങ്ങാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിനായി 85904/- രൂപ ബിൽ പ്രകാരം കേരളാ സ്റ്റേറ്റ് ഐ.ടിമിഷന് കൈമാറി. എന്നാൽ ഹൈസ്പീഡ് സ്കാനർ ലഭ്യമല്ല എന്ന് കെൽട്രോൺ അറിയിച്ചതു പ്രകാരം വർക്ക് ഓർഡർ നൽകാൻ സാധിച്ചിരുന്നില്ലെന്നും ആയതിനാൽ മേൽ തുക തിരികെ ലഭിക്കാൻ കാലതാമസം വരുമെന്നതിനാൽ പഞ്ചായത്താഫീസിലേക്ക് ആവശ്യമായ 2 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും ഒരു സ്കാനറും വാങ്ങുന്നതിന് ഈ തുക ഉപയോഗിക്കാമെന്ന ടെക്നിക്കൽ അസിസ്റ്റന്റ് റിപ്പോർട്ട് ചെയ്തതുപ്രകാരം അടവാക്കിയ തുകയ്ക്ക് തുല്ല്യമായ മേൽ സാധനങ്ങൾ വാങ്ങിക്കുന്നതിന് ഭരണസമിതി തീരുമാനിക്കുകയും (ഭരണസമിതി യുടെ23-9-21 ലെ 12 നമ്പർ തീരുമാനം) 29-4-22 ലെ ഇൻവോയ്സ് നം-TN 12293247881 പ്രകാരം കേരളാ സ്റ്റേറ്റ് ഐ.ടി മിഷൻ

74502/- രൂപ വിലയുള്ള രണ്ട് പേഴ്സണൽ കമ്പ്യൂട്ടറുകൾ പഞ്ചായത്തിന് സപ്ലൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ 11402 /- രൂപയ്ക്കുള്ള സാധനങ്ങൾ നാളിതുവരെയായും വിതരണം ചെയ്യുകയോ തുക തിരികെ പഞ്ചായത്തിന് നൽകുകയോ ചെയ്തിട്ടില്ല. കേരളാ സ്റ്റേറ്റ് ഐ.ടി മിഷന് ഉപകരണങ്ങൾ വാങ്ങുന്നതിന് മുൻകൂർ തുക നൻകിയിരിക്കുന്നത് സാധനങ്ങളുടെ ലഭ്യത, വില എന്നിവ വ്യക്തമാക്കുന്ന പെർഫോർമാ ഇൻവോയ്സ് പ്രകാരമോ, കരാർ പ്രകാരമോ അല്ല. ഇക്കാരണത്താൽ തന്നെ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിൽ സ്ഥാപനം വീഴ്ചവരുത്തിയിട്ടും പഞ്ചായത്തിന് യാതൊരു വിധ നടപടികളും സ്വീകരിക്കാനായി കഴിഞ്ഞില്ല. കൂടാതെ സ്കാനർ, പ്രോജക്ടർ എന്നിവ വാങ്ങുന്നതിനായി അംഗീകാരം ലഭിച്ച പദ്ധതിയിൽ അവയ്ക്ക് പകരമായി രണ്ട് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയത് പദ്ധതി രൂപീകരണ നിർവ്വഹണ പ്രക്രിയക്ക് വിരുദ്ധമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. കേരളാ സ്റ്റേറ്റ് ഐ.ടി മിഷനിൽ നിന്നും 11402/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ് 11402/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള സ്കോളർഷിപ്പ് - ആവശ്യമായ ഫണ്ട് വകയിരുത്തിയില്ല

വേളം ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹിച്ച ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള സ്കോളർഷിപ്പ് (പ്രൊജക്ട് നം. 44/20-21) എന്ന പദ്ധതിയ്ക്കായി വകയിരുത്തിയത് 12,75,000/- രൂപയാണ്. പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| വകയിരുത്തിയ സ്ഥാപനം | അടങ്കൽ - വകയിരുത്തിയ തുക | ലഭിച്ച വിഹിതം | ചെലവഴിച്ച തുക |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 4,00,000 | 4,00,000 | 4,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 4,75,000 | 3,71,000 | 3,71,000 |
| ജില്ലാ പഞ്ചായത്ത് | 4,00,000 | 2,00,000 | 2,00,000 |
| ആകെ | 12,75,000 | 9,71,000 | 9,71,000 |

മേൽ പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട 91 പേരിൽ 70 പേർ മാനസിക

വെല്ലുവിളികൾ നേരിടുന്നവർ ആണ്. വാർഷിക പദ്ധതി മാർഗ്ഗരേഖ ജി. ഒ. (എം.എസ്.) നം 22/ 2018. ത. സ്വ. ഭ. വ. 14.2.2018 പ്രകാരം ഇവർക്ക് വാർഷികമായി 28,500/- രൂപ എല്ലാ ബത്തകളും ഉൾപ്പെടെ നൽകാവുന്നതാണ്. ഇതിൽ ഉല്ലാസയാത്രാ ചെലവുകൾക്ക് നൽകുന്ന 1000 രൂപ ഉൾപ്പെടുന്നു.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള സ്കോളർഷിപ്പ് പദ്ധതിയിൽ മാത്രം 19,95,000/- രൂപ വകയിരുത്തേണ്ടിയിരുന്നുവെങ്കിലും ആകെ വകയിരുത്തിയത് 12,75,000/- രൂപ മാത്രമാണ്.

സമൂഹത്തിലെ ദുർബലരും അനുകമ്പ അർഹിക്കുന്ന വിഭാഗത്തിൽപ്പെട്ടവരുമായ ഇത്തരം ഗുണഭോക്താക്കൾക്ക് സർക്കാർ അനുവദിച്ച മുഴുവൻ തുകയും നൽകാൻ കഴിയാഞ്ഞത് ആവശ്യമായ തുക വകയിരുത്താത്തത് കൊണ്ടാണ്.

ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള പരമാവധി നിരക്കിൽ തുക വകയിരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്കും നൽകി

വേളം ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ 'വയോജനങ്ങൾക്ക് കട്ടിൽ വിതരണം' എന്ന പദ്ധതി (പ്രോജക്ട് നമ്പർ 46/20-21) പ്രകാരം 373368/- രൂപ മുടക്കി 97 വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 97 പേരിൽ താഴെ കൊടുത്തിരിക്കുന്ന 3 പേർ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

1. നാരായണൻ നമ്പ്യാർ, തറയിൽ മീത്തൽ - വാർഡ് -3

2. അരമ്പോൽ ബിയാത്തു - വാർഡ് - 9

3. സൂപ്പി, മാക്കൂൽ - വാർഡ് - 10

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് കട്ടിൽ വിതരണം ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

1-18 പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല- സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല

പൊതുമരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ പൊതു അപാകതകൾ

2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് നിർവ്വഹണം നടത്താനുണ്ടായിരുന്നത് സ്പിൽഓവർ പ്രവൃത്തികളുൾപ്പെടെ ആകെ 98 പദ്ധതികളാണ്. ചെലവ് ഭൂരിഭാഗവും സ്പിൽഓവർ പദ്ധതികൾക്കാണ് വിനിയോഗിച്ചിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് |
|---|---|

| | എഞ്ചിനീയർ |
|---|---|
| ആകെ പദ്ധതികൾ | 98 |
| പുതിയവ | 41 |
| സ്പിൽഓവർ പദ്ധതി | 57 |
| അടങ്കൽ | 3,45,74,819 |
| ആകെ ചെലവ് | 2,27,35,992(66%) |
| തൻവർഷ പദ്ധതികളുടെ ചെലവ് | 76,06,598 |
| സ്പിൽഓവർ ചെലവ് | 1,51,29,394 |
| സ്പിൽഓവർ പദ്ധതിചെലവ് ശതമാനം | 65% |

ഓരോ വർഷവും തയ്യാറാക്കുന്ന പദ്ധതികൾ പരിശോധിച്ചാൽ മുൻവർഷത്തിൽ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി തയ്യാറാക്കുന്നവയാണ്. പദ്ധതികൾ യഥാസമയം നടപ്പിലാക്കാത്തത് മൂലം തൻവർഷത്തെ ഫണ്ട് ലാപ്സാക്കുന്നതിനും അടുത്ത വർഷത്തെ ഫണ്ടിൽ നിന്ന് അവയ്ക്ക് തുക കണ്ടെത്തേണ്ടി വരുകയും ചെയ്യുന്നു. പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി പദ്ധതി നിർവ്വഹണ കലണ്ടർ തയ്യാറാക്കി അത് നിർവ്വഹണ ഉദ്യോഗസ്ഥൻ കൃത്യമായി പാലിക്കേണ്ടതാണ്. ഭരണസമിതി ഇക്കാര്യം ഉറപ്പുവരുത്തേണ്ടതുമാണ്. ചെറിയ അടങ്കലുള്ള പദ്ധതികൾ ഒഴിവാക്കേണ്ടതാണ്. എസ്റ്റിമേറ്റിൽ പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി സമഗ്രമായി തയ്യാറാക്കേണ്ടതും വലിയ പദ്ധതികൾ ബഹുവർഷ പദ്ധതികളായി ആവിഷ്കരിക്കേണ്ടതുമാണ്. തുടർവർഷങ്ങളിൽ ഇക്കാര്യം ഉറപ്പുവരുത്തി ഫണ്ട് ലാപ്സാകുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-19 വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ

I)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പി.എച്ച്.സി അടിസ്ഥാന സൌകര്യം വികസിപ്പിക്കൽ (പ്രോജക്ട് നം.161/2020-21) |
| കോൺട്രാക്ടറുടെ | ശ്രീ. കരീം എം. മാങ്ങോട്ട് |

| | |
|---|---|
| പേര് | |
| അടങ്കൽ തുക | മെയിന്റിനൻസ് ഗ്രാന്റ് (റോഡിതരം)-<br>14,95,000/- |
| ചെലവ് | ബിൽ നം.<br>20160652026101409584/28.03.2113,61,260/- |
| എം.ബുക്ക് നം | 106/20-21,87/20-21,124/20-21 |
| കരാർ | 08/20-21/06.11.2020 |

പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു

1)അളവ് പുസ്തകത്തിൽ (124/20-21) 22ാംമത്തെ ഇനമായി 03.03.2021 -ന് ചെയ്തിട്ടുള്ള 12 എം.എം സിമന്റ് പ്ലാസ്റ്ററിംഗ് പി.എച്ച്.സി -യുടെ പുറക് വശത്തെ ഇന്റർലോക്ക് കട്ട വിരിച്ചതിനോട് ചേർന്ന മതിലിൽ ചെയ്തത് പല ഭാഗത്തും അടർന്ന് പോയിട്ടുള്ളതായി നിർവ്വഹണഉദ്യോഗസ്ഥയോടൊപ്പം 31.05.2022-ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. ഈ അപാകത സംഭവിച്ചിട്ടുള്ളത് ഡിഫക്റ്റ് ലയബിലിറ്റി കാലയളവിനുള്ളിൽ ആയതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

2) അളവ് പുസ്തകത്തിൽ (106/20-21) 36 ാംമത്തെ ഇനമായി 25.03.2021-ന് വിരിച്ച സിമെന്റ് ഇന്റർലോക്ക് കട്ടകൾ മുൻഭാഗത്തെ ഗേറ്റിനോട് ചേർന്ന് ചെയ്തത് താഴ്ന്ന് പോകുകയും കട്ടകൾ പൊട്ടിപോയിട്ടുമുള്ളതായി നിർവ്വഹണോദ്യോഗസ്ഥയോടൊപ്പം 31.05.2022-ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. ഈ അപാകത സംഭവിച്ചിട്ടുള്ളത് ഡിഫക്റ്റ് ലയബിലിറ്റി കാലയളവിനുള്ളിൽ ആയതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

3)പഴയ കെട്ടിടത്തിൽ നിന്നും പൊളിച്ചുമാറ്റിയ ജി.ഐ ഷീറ്റുകളും ഇരുമ്പിന്റെ ജനൽ, വാതിലുകൾ എന്നിവ നാളിതുവരെ ലേലം ചെയ്ത് വിൽക്കാത്തിനാൽ മഴയും വെയിലും കൊണ്ട് തുരുമ്പ് പിടിച്ച് നശിച്ചു കൊണ്ടിരിക്കുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥയോടൊപ്പം 31.05.2022-ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. ലേലനടപടികൾ സ്വീകരിച്ച് തുക തനത്ഫണ്ടിൽ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

4)പി.എച്ച്.സി-യുടെ പുറക് വശത്തെ അതിർത്തി പലഭാഗത്തും മണ്ണിടിഞ്ഞുപോയിട്ടുണ്ട്. അതിർത്തി സംബന്ധിച്ച തർക്കം മൂലമാണ് അവിടെ മതിൽ കെട്ടാത്തതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ

ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ സ്ഥലം സ്വകാര്യവ്യക്തികൾ കയ്യേറിയിട്ടില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

II) കുളികുന്ന് സ്റ്റേഡിയം പുനരുദ്ധാരണം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കുളികുന്ന് സ്റ്റേഡിയം പുനരുദ്ധാരണം (പ്രോജക്റ്റ് നം. 11/20-21) |
| കോൺട്രാക്ടറുടെ പേര് | ശ്രീ. കരീം എം. മാങ്ങോട്ട് |
| അടങ്കൽ തുക | 1,03,140/- |
| ചെലവ് | ബിൽ നം.<br>1)20160052027100235049/11.04.2020/<br>93,863/-<br>2)19160652026100374738/23.07.2019/<br>3,96,860/-<br>ആകെ-490,723/- |
| എം.ബുക്ക് നം | 301/19 |
| കരാർ | 75/17-18/26.03.18 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) അളവ് പുസ്തകത്തിൽ (301/19) 12 ാംമത്തെ ഇനമായി 21.03.2019-ന് സിമെന്റ് ഇന്റർലോക്ക് കട്ടകൾ വിരിച്ചിട്ടുള്ളത് സ്റ്റേഡിയത്തിന്റെ മതിലിനോട് ചേർന്ന് പൊതുമരാമത്ത് വകുപ്പിന്റെ റോഡ് ടാർ ചെയ്ത ഭാഗത്തു നിന്നും കേവലം 40 സെ.മീ. വിട്ട് മാത്രമാണെന്ന് നിർവ്വഹണോദ്യോഗസ്ഥയോടൊപ്പം 31.05.2022-ന് നടത്തിയ സ്ഥല പരിശോധനയിൽ കാണകയുണ്ടായി. പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്താണ് പ്രവൃത്തി ചെയ്തിട്ടുള്ളതെങ്കിൽ റോഡ് വികസനം വരുമ്പോൾ ഈ കട്ടകൾ പൊളിച്ച് മാറ്റേണ്ട സ്ഥിതി വരും. പഞ്ചായത്തിന്റെ സ്ഥലത്താണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് ബോധ്യപ്പെടുത്തുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

III)അരമ്പോൽ എൽ.പി സ്കൂൾ കെട്ടിടനിർമ്മാണം പൂർത്തീകരണം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അരമ്പോൽ എൽ.പി സ്കൂൾ കെട്ടിടനിർമ്മാണം പൂർത്തീകരണം (പ്രോജക്ട് നം.101 /2020-21) |
| കോൺട്രാക്ടറുടെ പേര് | ശ്രീ.കരീം എം. മാങ്ങോട്ട് |
| അടങ്കൽ തുക | 4,99,000/- |
| ചെലവ് | ബിൽ നം. 1)20160652026101190696/05.03.21 /4,97,922/- |
| എം.ബുക്ക് നം | 62/20-21,63/20-21 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) അളവ് പുസ്തകത്തിൽ (63/20-21) 1 -ാമത്തെ ഇനമായി 19.12.2020 -ന് വരാന്തയിൽ 21.73 മീ.നീളത്തിലും 3.54 മീ. നീളത്തിലും (7.5 സെ.മി കനത്തിലും) സിമന്റ് കോൺക്രീറ്റ് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ പ്രവൃത്തി ചെയ്തിട്ടുള്ളത് 19.2 മീ. നീളത്തിലും 2.9 മീ. വീതിയിലുമാണെന്ന് നിർവ്വണോദ്യോഗസ്ഥയോടൊപ്പം 31.05.2022-ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2)അരമ്പോൽ എൽ.പി സ്കൂളിന്റെ പഴയ കെട്ടിടത്തിന്റെ മൂന്നാം നിലയിൽ സ്ഥിതിചെയ്യുന്ന ഓഡിറ്റോറിയത്തിലേക്ക് കയറാനുള്ള സ്റ്റെയർകേസ് ഇരുമ്പ് കമ്പികൊണ്ട് നിർമ്മിച്ചിട്ടുള്ളതും വീതി കുറഞ്ഞതും കുത്തനെയുള്ളതിനാൽ കയറുവാനും ഇറങ്ങുവാനും ബുദ്ധിമുട്ടുള്ളതുമാണ്. കുട്ടികളുടെ കാൽ സ്റ്റെയറിന്റെ സ്റ്റെപ്പുകളിലെ ഗ്യാപ്പുകളിൽ കുടുങ്ങുവാൻ സാധ്യതയുമുള്ളതായി നിർവ്വഹണോദ്യോഗസ്ഥയോടൊപ്പം 31.05.2022-ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. കുട്ടികൾക്ക് സുരക്ഷിതമായി ഉപയോഗിക്കുന്ന രീതിയിൽ സ്റ്റെയർകേസ്സ് പുതുക്കി പണിയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

IV)സാംസ്കാരിക നിലയം ഹാൾ പുനരുദ്ധാരണ പ്രവൃത്തികൾ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | സാംസ്കാരിക നിലയം പുനരുദ്ധാരണ പ്രവൃത്തികൾ<br><br>(പ്രോജക്ട് നം.194/20-21) |
| കോൺട്രാക്ടറുടെ പേര് | ശ്രീ.കരീം എം. മാങ്ങോട്ട് |
| അടങ്കൽ തുക | 8,00000/- |
| ചെലവ് | ബിൽ നം.<br><br>1)20160652026100861217/24.12.2020/6,00000/-<br><br>2)തനത് ഫണ്ട്-<br><br>ചെക്ക് നമ്പർ.5725239/25.01.2021/1,43,771/- |
| എം.ബുക്ക് നം | 54,102,101/20 |

അളവ് പുസ്തകത്തിൽ ( 101/20-21) ഒന്നാം പാർട്ടിലെ 5ാം മത്തെ ഇനമായും 4-ാമത്തെ എക്സ്ട്രാ ഇനമായും മതിലിൽ നടത്തിയ പെയിന്റിംഗ് പായൽ പിടിച്ച് നശിച്ച പോയിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥയോടൊപ്പം 31.05.2022-ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി . ഈ അപാകത സംഭവിച്ചിട്ടുള്ളത് ഡിഫക്ട് ലയബിലിറ്റി കാലയളവിനുള്ളിൽ ആയതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

V) കിഴക്കെയിൽ മുക്ക് പഴശ്ശി നഗർ റോഡ് പ്രവൃത്തി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പഴശ്ശി നഗർ കിഴക്കെയിൽ മുക്ക് റോഡ് പ്രവൃത്തി<br><br>(പ്രോജക്ട് നം. 20/20-21) |
| കോൺട്രാക്ടറുടെ പേര് | ശ്രീ.ദിനേഷ് എൻ.കെ |
| അടങ്കൽ തുക | ധനകാര്യകമ്മീഷൻ അവാർഡ്-4,00000/-<br><br>മെയിന്റനൻസ് ഗ്രാന്റ്(റോഡ്-3,70,181/-)<br><br>ആകെ-7,70,181/- |
| ചെലവ് | ബിൽ നം.<br><br>1) 20160652027100235057/11.04.2020/4,00000/-<br><br>2)20160652027100044742/11.04.2020/ 3,70,181/- |
| എം.ബുക്ക് നം | 227/19 |

അളവ് പുസ്തകത്തിൽ (227/19) വെള്ളം ഒഴുകി പോകുന്നതിനായി 1(8) ഇനമായി രണ്ട് കോൺക്രീറ്റ്

ഡിപ്പുകൾ ചെയ്തിട്ടുണ്ട്. ആയതിൽ തുടക്കത്തിൽ ചെയ്ത കോൺക്രീറ്റ് ഡിപ്പിൽ വെള്ളം കെട്ടിനിൽക്കുന്നതിനാൽ ആ ഭാഗത്തു കൂടിയുള്ള കാൽനട യാത്ര പോലും ദുഷ്കരമാണ്. റോഡിന്റെ സൈഡിലുള്ള വെള്ളം ഒഴുകി പോകുന്നതിനുള്ള ചാൽ മണ്ണ് നിറഞ്ഞു കിടക്കുന്നതു കൊണ്ടാണ് റോഡിൽ വെള്ളം കെട്ടി കിടക്കുന്നത്. വെള്ളം ഒഴുകി പോകുന്നതിനുള്ള ചാലിന്റെ ആഴം കൂട്ടി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കാത്തപക്ഷം റോഡ് നശിക്കുന്നതിനു കൂടി ഇത് ഇടവരുത്തും. ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 07/2020-21/02.06.2022-ന് മറുപടി ലഭ്യമാക്കിയില്ല. വിവിധ പദ്ധതികളിലെ പ്രവൃത്തികളിലുണ്ടായ പാകപിഴകൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് നൽകേണ്ടതാണ്. പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടം കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്.

1-20 ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

ചുവടെ കൊടുക്കുന്ന റോഡ് പ്രവൃത്തികളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

| പ്രവൃത്തിയുടെ പേര് | ചെലവ് |
|---|---|
| കൊരണ്ടേര്യി താഴെ-പൂളക്കൽ റോഡ്(പ്രൊജക്ട് നം.174/20-21) | 6,27,819 |
| പൂളക്കൽ പള്ളിക്കര റോഡ് (പ്രൊജക്ട് നം.173/20-21) | 9,97,385/- |
| ആകെ | 1625204/- |

മേൽ പ്രവൃത്തികളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിനായി 27.05.2022-ന് പൊതു റിക്വസിഷൻ നൽകി. തുടർന്ന് രേഖകൾ ഹാജരാക്കാൻ നിർദ്ദേശം നൽകിയപ്പോൾ ഹാജരാക്കാമെന്ന് അറിയിച്ചുവെങ്കിലും ഹാജരാക്കാത്തതിനെ തുടർന്ന് 02.06.2022-ന് പ്രത്യേകമായി ഓഡിറ്റ് റിക്വസിഷൻ നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ചെലവ് തുക 16,25,204/- തടസ്സത്തിൽ വയ്ക്കുന്നു. തുടർന്നും രേഖകൾ ഹാജരാക്കാത്ത പക്ഷം 1994-ലെ കേരള ലോക്കൽ ഫണ്ട് ആക്ട് പ്രകാരം നടപടി സ്വീകരിക്കുന്നതായിരിക്കും.

1-21 ഘടകസ്ഥാപനങ്ങൾക്ക് റെക്കോർഡ് റൂം ഫർണിച്ചർ -പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പഞ്ചായത്തിലെ ഘടകസ്ഥാപനങ്ങൾക്ക് റെക്കോർഡ് റൂം ഫർണിച്ചർ നിർമ്മാണത്തിനായി രൂപീകരിച്ച പദ്ധതി നടത്തിപ്പിനായി 393808.65/-രൂപ ക്വാട്ട് ചെയ്ത SANGO INDUSTRIES സമർപ്പിച്ച ടെണ്ടർ അംഗീകരിക്കുകയും കരാറുകാരൻ പ്രവൃത്തി നിർവ്വഹണം ചെയ്ത് ഇൻവോയ്സ് നം 129/2-3-21 പ്രകാരം 618 ഷെൽഫുകൾ സ്ഥാപിച്ചതിന് 393921 രൂപയ്ക്കുള്ള ബിൽ സമർപ്പിച്ചിട്ടുമുണ്ട്. മേൽ ബില്ലിൽ 329550/-രൂപയാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. പഞ്ചായത്ത് മീറ്റിംഗ് ഹാൾ, പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസ്, വി.ഇ.ഒ, ഐ.സി.ഡി.എസ് ഓഫീസ് എന്നിവിടങ്ങളിൽ സ്ഥാപിച്ച മൾട്ടിവുഡ് വാൾ ഷെൽഫുകൾ പരിശോധിച്ചതിൽ ഇവയിൽ ടെണ്ടർ പ്രകാരം കരാറുകാരൻ സ്ഥാപിച്ച നൽകാമെന്നേറ്റ ലോക്ക് പരിമിതമായ എണ്ണത്തിൽ മാത്രമാണ് ഫിറ്റ് ചെയ്തിട്ടുള്ളതെന്നാണ് കാണാൻ കഴിഞ്ഞത്. പഞ്ചായത്ത് റെക്കോർഡുകൾ സൂക്ഷിക്കുന്നതിനാവശ്യമായ സൗകര്യം ഒരുക്കുന്നതിനായി രൂപീകരിച്ച് നടപ്പാക്കിയ പദ്ധതിയിൽ മുഴുവൻ ഷെൽഫുകൾക്കും ലോക്ക് പിടിപ്പിച്ച് വേണ്ടത്ര സുരക്ഷിതത്വം ഉറപ്പ് വരുത്താൻകഴിയാഞ്ഞതിനാൽ പദ്ധതി ലക്ഷ്യം

പൂർത്തീകരിക്കാത്തതായി ഒഡിറ്റ് വിലയിരുത്തുന്നു. ഫയൽ പരിശോധിച്ചതിൽ നാല് ലക്ഷം രൂപ അടങ്കലിൽ രൂപീകരിച്ച പദ്ധതിക്കായി ലഭിച്ച സിംഗിൾ ടെണ്ടർ അംഗീകരിച്ച് കരാറുകാരനെനിശ്ചയിച്ചതായും കാണുന്നു.മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും.റെക്കോർഡ് റൂം ഷെൽഫുകൾ ലോക്ക് ഫിറ്റ് ചെയ്ത് സുരക്ഷിതമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-22 682 പേർ ഉള്ള ഗുണഭോക്തൃലിസ്റ്റ് ഉണ്ടായിട്ടും വീണ്ടും ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി നടപ്പാക്കേണ്ടിവന്നു

പ്രോജക്ട് നം – 182/20-21

അടങ്കൽ – 210000

ചെലവ് – 20800

നിർവ്വഹണം – കൃഷി ഓഫീസർ

തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് 100% സബ്സിഡി നിരക്കിൽ പയർവിത്ത് വിതരണം ചെയ്യുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി നിർവ്വഹണത്തിനായി നിർവഹണ ഉദ്യോഗസ്ഥ നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നം-2005/27-2-21 പ്രകാരം 20800 രൂപയ്ക്ക് 160 കിലോ വയർവിത്ത് വാങ്ങി 51 ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട് . പദ്ധതിക്കായി 17 വാർഡുകളിൽ നിന്നായി 682 പേരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നത്. എന്നാൽ വിത്ത് വിതരണം ചെയ്ത 51 പേരും മേൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നവരല്ല. അവരെ പിന്നീട് പദ്ധതിക്കായി തെരഞ്ഞെടുക്കുകയായിരുന്നുവെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചത്. എന്നാൽ ഭരണ സമിതി അംഗീകരിച്ച പ്രസ്തുത ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഗ്രാമസഭയിൽ അപേക്ഷ സ്വീകരിച്ച് മുൻഗണന നിശ്ചയിച്ച് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ 682 പേർ ഉണ്ടായിട്ടും അവരാരുംതന്നെ പദ്ധതിയിൽ സഹായം നൽകാൻ അർഹരായവരല്ലാത്തതിനാലോ/ പദ്ധതി നടത്തിപ്പിനായി മുന്നോട്ട് വരാത്തതിനാലോ തയ്യാറാവാത്തതിനാലോ ആണ് വീണ്ടും ഗുണഭോക്താക്കളെ കണ്ടെത്തേണ്ടിവന്നത്. ഇതിൽ നിന്നും കുറ്റമറ്റ രീതിയിലുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പല്ല പദ്ധതിക്കായി നടന്നത് എന്ന് വെളിവാകുന്നു. ഇതേ പോലെ തന്നെ തൻ വർഷം പച്ചക്കറികൃഷിക്ക് കൂലിചെലവ് പദ്ധതിക്കായി തയ്യാറാക്കിയ 624 പേരുടെ ലിസ്റ്റിൽ നിന്നും 19 പേർക്ക് മാത്രമാണ് സഹായം നൽകിയിരിക്കുന്നത്. ഇതും അർഹരായ ഗുണഭോക്താക്കളല്ല പദ്ധതി നടത്തിപ്പിനായി തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഇടം പിടിക്കുന്നതെന്ന് വ്യക്തമാക്കുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ് .

## 1-23 എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല

2020-21 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ എസ്.എസ്.എ.ക്ക് വിഹിതം നൽകൽ പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 59/20-21 |
| അടങ്കൽ | 5,00,000/- |
| ഫണ്ട് | വികസനം (പൊതു) |

| | |
|---|---|
| ചെലവ് | 5,00,000/- |
| ബിൽ നം. തി. | 2/2020-21 , തീ-10.08.2020 |

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ.ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018 ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക7.6(3) ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-24 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

വെറ്ററിനറി സർജൻ 2020-21 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ (പ്രോജക്ട്.നം. 132/2020-21) 16 ഗുണഭോക്താക്കൾക്കായി 2,00,000/- രൂപ 18.09.2020 ന് NEFT ആയി കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 1-25 പഞ്ചായത്ത് വാഹനം - പരിപാലനത്തിലെ അപാകതകൾ

വേളം ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പഞ്ചായത്ത് വാഹനത്തിന്റെ (കെ.എൽ. 77 എ. 2211- സ്കോർപിയോ) രേഖകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. വാഹനത്തിന്റെ മൈലേജ് ടെസ്റ്റിന്റെ കാലാവധി 18.01.2022 ന് കഴിഞ്ഞുവെങ്കിലും, നാളിതുവരെയായി അടുത്ത ടെസ്റ്റ് നടത്തിയതായി കാണുന്നില്ല.

2. പഞ്ചായത്തിന് സമീപം 2 കിലോമീറ്ററിനുള്ളിൽ തന്നെ പെട്രോൾ പമ്പ് ഉണ്ടെന്നിരിക്കെ വാഹനത്തിന് ഇന്ധനം നിറയ്ക്കുന്നത് 5 കി.മീ. അകലെയുള്ള ആയഞ്ചേരിയിലുള്ള പമ്പിൽ നിന്നാണ്. അടുത്തുള്ള പമ്പ് ഉപയോഗിച്ച് പാഴ് ചെലവ് ഒഴിവാക്കാൻ ശ്രമിക്കാത്തത് വിശദീകരിക്കേണ്ടതാണ്.

3. പഞ്ചായത്ത് മുമ്പ് ഉപയോഗിച്ചിരുന്ന (കെ.എൽ.18-ഡി-6979) വാഹനം എ. കണാരൻ സ്മാരക പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ കോമ്പൗണ്ടിൽ നിർത്തിയിട്ടതായി 31.05.2022 സ്ഥല പരിശോധനാ വേളയിൽ കാണാൻ കഴിഞ്ഞു. ആയത് നാളിതു വരെയായും കൈയൊഴിയാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-26 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണം ചെയ്ത പദ്ധതികളിൽ വിവിധ ഏജൻസികൾക്ക് ഡെപ്പോസിറ്റ് ചെയ്ത താഴെ പറയും പ്രകാരമുള്ള തുകകളുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

| ക്രമ നം | പദ്ധതിയുടെ പേര് /പ്രോജക്ട് നം | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽ നം | ഡെപ്പോസിറ്റ് ചെയ്ത ഏജൻസി |
|---|---|---|---|---|
| 1 | തുലാറ്റുനട | 300000 | 177/4-2-21 | എം.ജി.എൻ.ആർ.ഇ.ജി.എസ് |

| | | | | |
|---|---|---|---|---|
| | അങ്കണവാടി കെട്ടിടം 213/20-21 | | | സ്റ്റേറ്റ് മിഷൻ |
| 2 | വലകെട്ട് അങ്കണവാടി കെട്ടിടം 226/20-21 | 500000 | 179/4-2-21 | എം.ജി.എൻ.ആർ.ഇ.ജി.എസ് സ്റ്റേറ്റ് മിഷൻ |
| 3 | ഓജസ്സ് അങ്കണവാടി കെട്ടിടനിർമ്മാണം 225/20-21 | 500000 | 178/4-2-21 | എം.ജി.എൻ.ആർ.ഇ.ജി.എസ് സ്റ്റേറ്റ് മിഷൻ |
| 4 | ചെങ്ങനങ്ങോട് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ 252/20-21 | 150000 | 320/30-3-21 | റബ്കോ പേരാമ്പ്ര |
| | വേളം പഞ്ചായത്ത് ഓഫീസ് . സി.സി.ടി.വി സ്ഥാപിക്കൽ 60/20-21 | 92872<br>200000 | 211/27-2-21<br>212/27-2-21 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ള്യൂ.ഡി ഇലക്ട്രോണിക്ക് സബ്ഡിവിഷൻ,കോഴിക്കോട് |
| | പൂമുഖം സബ്സെന്റർ റോഡ് പാലംനിർമ്മാണം 109/20-21 | 450000 | 202/23-2-21 | എക്സികുട്ടീവ് എഞ്ചിനീയർ , കെ.വൈ.ഐ.പി പേരാമ്പ്ര സബ്ഡിവിഷൻ |
| | ചംബേങ്കോട്ടുമ്മൽ അംഗൻവാടി റോഡ് പാലം നിർമ്മാണം 159/20-21 | 550000 | 201/23-2-21 | എക്സിക്യൂട്ടീവ് എഞ്ചിനീയർ , കെ.വൈ.ഐ.പി പേരാമ്പ്ര സബ്ഡിവിഷൻ |
| | ജി.എൽ .പി.സ്കൂൾ ചേരാപുരം വയറിംഗ് 77/20-21 | 300000 | 281/26-3-21 | പി.ഡബ്ള്യൂ.ഡി ഇലക്ട്രിക്ക് ഡിവിഷൻ ,കോഴിക്കോട് |
| | പോസ്റ്റ് മാറ്റിസ്ഥാപിക്കൽ 264/20-21 | 108160 | 210/27-2-21 | കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡ് |
| | കുന്നകുളങ്ങര പള്ളിക്കൽ റോഡ് | 30761 | 92/24-8-20 | കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റിബോർഡ് |

| | | | | |
|---|---|---|---|---|
| | 215/20-21 | | | |

മേൽ തുകകളുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-27 മുൻകാല ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

വേളം ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 സംക്ഷിപ്തം പ്രകാരം 6,91,015/- രൂപ ഡെപ്പോസിറ്റുള്ളതായി കാണുന്നു.

വിവിധ അക്കൗണ്ടുകളിലായി 2015-16 കാലയളവ് മുതലുള്ള പലവിധത്തിലുള്ള ഡെപ്പോസിറ്റുകളും ഇപ്പോഴും ആവശ്യമുന്നയിക്കാതെ ഡെപ്പോസിറ്റുകളായി തന്നെ തുടരുന്നുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 281, 282 പ്രകാരം കാലാവധി കഴിഞ്ഞ നിലനിൽത്തേണ്ടവയൊഴികെയുള്ള ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാതിരിക്കാനുള്ള കാരണം അറിയിക്കേണ്ടതാണ്.

1-28 പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രോജക്റ്റ് : പാലിയേറ്റീവ് പരിചരണം

പ്രോജക്റ്റ് നമ്പർ : 136/20-21

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

അടങ്കൽ - 4,00,000 (വികസന ഫണ്ട്-ജനറൽ) +
1,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ് - 3,43,585 (വികസന ഫണ്ട്-ജനറൽ) +
68,240 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

വേളം ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തനവുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ 4,11,825/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനായി സ.ഉ(സാധാ) നം.553/2019/തസ്വഭവ തിയ്യതി 07.03.2019 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖ.2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിനും മുൻപും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ടു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണമോ യോഗം ചേരേണ്ടതാണ്. ഇതിൽ ഓരോ മാസത്തെ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി(മെഡിക്കൽ ഓഫീസർ-പി.എച്ച.സി) അവതരിപ്പിക്കേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി അത് അംഗീകരിക്കേണ്ടതുമാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി 2020-21 വർഷത്തിൽ ഒരു തവണ (25.03.2021 ന്) മാത്രമാണ് യോഗം ചേരുകയുണ്ടായത്. ഇതിൽ പ്രവർത്തനാവലോകനം നടത്തുകയുണ്ടായെങ്കിലും വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി അവതരിപ്പിച്ച് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ഇവിടെ രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിർദ്ദേശം പാലിക്കുകയുണ്ടായിട്ടില്ല.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ യോഗം ചേരാത്തതിനും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങാത്തതിനും വിശദീകരണം നൽകേണ്ടതാണ് .

### 1-29 അടിസ്ഥാനസൗകര്യങ്ങളും ഫിറ്റ്നസുമില്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിൽ 29 അങ്കണവാടികളാണുള്ളത്. അതിൽ പല അങ്കണവാടികളിലും അടിസ്ഥാന സൗകര്യങ്ങളില്ലായെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം താഴെകാട്ടുക്കുന്നു.

| ക്രമ നം | ലഭ്യമല്ലാത്തഅടിസ്ഥാനസൗകര്യം | അങ്കണവാടികളുടെ വിശദാംശം |
|---|---|---|
| 1 | ഫിറ്റ്നസ് ഇല്ലാത്തവ | 5 എണ്ണം |
| 2 | റോഡ് സൗകര്യമില്ലാത്തത് | 2 |
| 3 | കുടിവെള്ളം ലഭ്യമല്ലാത്ത് | സ്വന്തമായി കുടിവെള്ള സ്രോതസ്സ് ഇല്ലാത്ത 18 അങ്കണവാടികൾ ഉണ്ട്. |
| 4 | സ്വന്തമായി കെട്ടിടമില്ലാത്തത് | 3 |
| 5 | ചുറ്റുമതിൽ ഇല്ലാത്തവ | 15 എണ്ണം |

അങ്കണവാടികൾ ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിന് വിശദീകരണം നൽകാൻ നിർദ്ദേശിച്ചു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി- 18/2020-21/ 02.06.2022-ന് മറുപടി ലഭ്യമാക്കിയില്ല സുരക്ഷിതമായ കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിപ്പിക്കേണ്ടതാണ്. അങ്കണവാടികൾക്ക് അടിസ്ഥാനസൗകര്യങ്ങളൊരുക്കുന്നതിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| 2020-21 | 30.05.2022, 31.05.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 10,000 | പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി | 10,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 6,00,000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 6,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 68,240 | പാലിയേറ്റീവ് പരിചരണം | 68,240 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3,71,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 3,71,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3,26,839 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 3,26,839 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,30,975 | കാലിത്തീറ്റ സബ്സിഡി | 1,30,975 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3,03,305 | കാലിത്തീറ്റ സബ്സിഡി(വനിത) | 3,03,305 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,00,000 | ലൈഫ് ഘട്ടം 3 ഭൂരഹിത ഭവന രഹിതർ (ജനറൽ വിഭാഗം) | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 12,000 | പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി | 12,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 20,000 | സുഫലം-ഫലവൃക്ഷത്തൈ വിതരണം | 20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 7,20,000 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി | 7,20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 4,00,000 | ലൈഫ് ഘട്ടം 3 ഭൂരഹിത ഭവന രഹിതർ (ജനറൽ വിഭാഗം) | 4,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 259, തീ-23.03.2021 | 22,62,259 | 22,62,259 | 0 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ജലജീവൻ പദ്ധതി | 213, തീ-01.03.2021 | 8,63,569 | 8,63,569 | 0 |
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 210, തീ-27.02.2021 | 1,08,160 | 1,08,160 | 0 |
| കെ.എസ്.ഇ.ബി | കുന്നക്കുളങ്ങര പള്ളിക്കര റോഡിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 92, തീ-24.08.2020 | 30,761 | 30,761 | 0 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ , കെ.വൈ.ഐ.പി പേരാമ്പ്ര സബ്ഡിവിഷൻ | പൂമുഖം സബ്സെന്റർ റോഡ് പാലം നിർമ്മാണം | 202, തീ-23.02.2021 | 4,50,000 | 4,50,000 | 0 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ , കെ.വൈ.ഐ.പി പേരാമ്പ്ര സബ്ഡിവിഷൻ | ചംബേക്കോട്ടുമ്മൽ അങ്കണവാടി റോഡ് പാലം നിർമ്മാണം | 201, തീ-23.02.2021 | 5,50,000 | 5,50,000 | 0 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,പി.ഡബ്ള്യു.ഡി ഇലക്ട്രോണിക്ക് സബ്ഡിവിഷൻ, കോഴിക്കോട് | വേളം പഞ്ചായത്ത് ഓഫീസ് . സി.സി.ടി.വി സ്ഥാപിക്കൽ | 211, 212 തീ-23.02.2021 | 92,872 2,00,000 | 92,872 2,00,000 | 0 |
| പി.ഡബ്ള്യു.ഡി ഇലക്ട്രിക്ക് ഡിവിഷൻ ,കോഴിക്കോട് | ജി.എൽ .പി.സ്കൂൾ ചേരാപുരം വയറിംഗ് | 281, തീ-26.03.2021 | 3,00,000 | 3,00,000 | 0 |
| റബ്കോ പേരാമ്പ്ര | ചെങ്ങനങ്ങോട് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ | 320, തീ-30.03.2021 | 1,50,000 | 1,50,000 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് സ്റ്റേറ്റ് മിഷൻ | തുലാറ്റുനട അങ്കണ വാടി കെട്ടിടം | 177, തീ-04.02.2021 | 3,00,000 | 3,00,000 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് സ്റ്റേറ്റ് മിഷൻ | വലകെട്ട് അങ്കണവാടി കെട്ടിടം | 179, തീ-04.02.2021 | 5,00,000 | 5,00,000 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് സ്റ്റേറ്റ് മിഷൻ | ഓജസ്സ് അങ്കണവാടി കെട്ടിടനിർമ്മാണം | 178, തീ-04.02.2021 | 5,00,000 | 5,00,000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 2278/2018 ത.സ്വ.ഭ.വ തീയതി- 18/08/2018 | -- | 3,08,28,236 | 33,08,236 | -- | 2,75,20,000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2581926 |
| തൻവർഷം നിക്ഷേപിച്ച തുക | 203824 |
| ആകെ | 2785750 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2785750 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കെ.ഡി.സി ബാങ്ക്-കുറ്റ്യാടി | 31/12/2020 | 12 മാസം | 2221594 | |
| 2 | വേളം പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 03/11/2020 | 12 മാസം | 564156 | |
| ആകെ | | | | 2785750 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 31 | 2003-04 | 11.13.7.2 | നികുതി പിരിവിൽ അലംഭാവം | പരാമർശം തുടരുന്നു |
| 1999-2000 | - | 2003-04 | 11.14 | തൊഴിൽനികുതി കാലഹരണം | പരാമർശം തുടരുന്നു |
| 2000-01 | 2-1 | 2004-05 | 11.1.1.1 | ക്യാഷ്ബുക്ക്, വരവ്/ചെലവ് രജിസ്റ്റർ സൂക്ഷിച്ചില്ല | പരാമർശം തുടരുന്നു |
| 2000-01 | - | 2004-05 | 11.1.3.5 | നികുതി പിരിവിൽ അലംഭാവം | പരാമർശം തുടരുന്നു |
| 2000-01&2001-02 | 8,7 | 2004-05 | 2.3 | തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി | പരാമർശം തുടരുന്നു |
| 2001-02 | 10 | 2004-05 | 11.1.5.3 | വനിതകൾക്ക് ഓട്ടോ ഡ്രൈവിംഗ് | പരാമർശം തുടരുന്നു |
| - | - | 2015-16 | 4.1.5 | നികുതി/നികുതിയേതരം പൊരുത്തപ്പെടാത്ത കണക്കുകൾ | പരാമർശം തുടരുന്നു |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽനികുതി അപാകതകൾ | പരാമർശം തുടരുന്നു |
| 2019-20 | 1-35 | 2020-21 | 1-2-10 | പാലിയേറ്റീവ് പരിചരണം- മരുന്നുകൾ ലഭ്യമായില്ല | പരാമർശം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2019-20 | 1-25 | 2020-21 | അനുബന്ധം-2-104 | ലാബ് ഉപകരണങ്ങൾ വാങ്ങൽ-മുഴുവൻ ഉപകരണങ്ങൾ ലഭ്യമാവാത്തതും മറ്റ് അപാകതകളും | പരാമർശം തുടരുന്നു |
| 2019-20 | 1-31 | 2020-21 | അനുബന്ധം-27 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- വർക്കിംഗ് ഗ്രൂപ്പ് ചുമതല നിർവ്വഹിച്ചില്ല | പരാമർശം തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,25,19,243 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,21,67,160 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 44,70,556 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-13 | 5,71,691 | ശ്രീ. ഷാനവാസ്.ഇ, സെക്രട്ടറി |
| 1-14 | 22,62,259 | -ടി- |
| 1-15 | 11,402 | ശ്രീ. സജീവൻ.ഇ.ജി, സെക്രട്ടറി |
| 1-20 | 16,25,204 | ശ്രീമതി.പ്രിയ.എസ്, അസി.എഞ്ചിനിയർ |
| ആകെ | 44,70,556 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാനവാസ്.ഇ, സെക്രട്ടറി | സെക്രട്ടറി, വേളം ഗ്രാമപഞ്ചായത്ത് | പടിക്കലക്കണ്ടി, നന്മണ്ട, കോഴിക്കോട്-673613 |
| ശ്രീ. സജീവൻ.ഇ.ജി, സെക്രട്ടറി | സെക്രട്ടറി, ഏറാമല ഗ്രാമപഞ്ചായത്ത് | ഇരട്ടപ്പാറക്കൽ, കൂരാച്ചുണ്ട്(പി.ഒ), കോഴിക്കോട്-673527 |
| ശ്രീമതി.പ്രിയ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വേളം | തറമ്മൽ, കൽപത്തൂർ(പി.ഒ), കോഴിക്കോട്-673524 |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1990-91& 1991-92 | കെ.എസ്.എ/കെ.കെ.ഡി /പി6/2240/2017 തീ-21.05.2018 | 1 | 15 |
| 1990-00 | കെ.എസ്.എ/കെ.കെ.ഡി /പി7/1448/2019(1) തീ-10.12.2020 | 2 | 31 A, 31 B |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി /പി7/1448/2019(2) തീ-10.12.2020 | 6 | 2-1, 3-4(1)(2), 7, 13(3),14(1), 17 |
| 2001-02 | കെ.എസ്.എ/കെ.കെ.ഡി /പി7/1448/2019(3) തീ-10.12.2020 | 2 | 10, 12 |
| 2003-04 | കെ.എസ്.എ/കെ.കെ.ഡി /പി7/1790/2021 തീ-03.02.2022 | 2 | 3-14, 3-18 |

| | | | |
|---|---|---|---|
| 2004-05 | കെ.എസ്.എ/കെ.കെ.ഡി /പി7/1789/2021 തീ-01.02.2022 | 9 | 2-1,2-4,2-5, 3-3,3-4,3-5, 3-6,3-9,3-11 |
| 2006-07 | കെ.എസ്.എ/കെ.കെ.ഡി /പി7/1788/2021 തീ-03.02.2022 | 4 | 2-5(2),3-1,3-2,3-10,3-16 |
| 2007-08 | കെ.എസ്.എ/കെ.കെ.ഡി /പി7/1787/2021 തീ-03.02.2022 | 7 | 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2008-09 | കെ.എസ്.എ/കെ.കെ.ഡി /പി7/1786/2021 തീ-03.02.2022 | 7 | 3-2,3-3,3-4,3-7,4-3,4-6,4-7 |
| 2009-10 | കെ.എസ്.എ/കെ.കെ.ഡി/ പി7/1786/2021 തീ-03.02.2022 | 9 | 2-2,3-1,3-2,3-4,3-5,3-6, 4-3,4-6,4-7 |
| 2010-11& 2011-12 | കെ.എസ്.എ/കെ.കെ.ഡി/ പി7/1784/2021 തീ-03.02.2022 | 17 | 2-2(1,2,3),3-1,3-3, 3-5, 3-6,3-9,3-11,3-13,3-15, 3-16, 3-17,3-20,3-21,3-22 |
| 2012-13& 2013-14 | കെ.എസ്.എ/കെ.കെ.ഡി/ പി7/1783/2021 തീ-20.04.2022 | 2 | 3-7,3-8 |
| 2014-15 | കെ.എസ്.എ /കെ.കെ.ഡി/ പി7/1783/2021 തീ-20.04.2022 | 2 | 3-7,3-8 |
| 2015-16 | കെ.എസ്.എ /കെ.കെ.ഡി/ പി7/1270 /2020(1) തീ-07.01.2021 | 8 | 2-1(1),3-1,3-2(1),3-3,3-4, 3-6,3-7,3-9 |
| 2016-17 | കെ.എസ്.എ /കെ.കെ.ഡി/ പി7/1448 /2019(13) തീ-10.12.2020 | 16 | 2-2,2-3,2-5,3-2,3-3,3-4, 3-5,3-7,3-11,3-14,3-15,3-16, 3-17,3-19,3-20,3-21,3-22 |
| 2017-18 | കെ.എസ്.എ /കെകെഡി/ പി6/455/2019 തീ-10.05.2019 | 14 | 1-12(1,2,3,4,6,7),2-1,2-2, 2-3, 2-5,3-1,3-2,3-3,3-4, 3-5,3-6,3-7,3-8, 3-9(1,2,3,5,6,7,8) |
| 2018-19 | കെ.എസ്.എ /കെകെഡി/ പി7/1225/2021 തീ-06.10.2021 | 28 | 1-9,1-11,1-12,1-13,1-14,1-15,1-16, 1-17,1-18,1-19,1-20,1-21,1-22, 1-23,1-24,1-25,1-26,1-27, 1-28,1-29,1-30,1-31,1-32, 1-33,1-35,3-1,3-2,4-11 |

| | | | |
|---|---|---|---|
| 2019-20 | കെ.എസ്.എ /കെകെഡി/ പി7/845/2021 തീ-07.10.2021 | 24 | 1-9(2),1-9(4),1-11(1,2,3,4,5,6 7,8,9,10,11,12,13,15,18,20,21), 1-13,1-14-1(i)1-14-1(ii),, 1-14-1(iv), 1-15,1-16,1-17, 1-18,1-19,1-21,1-22,1-23, 1-25,1-26,1-27,1-28,1-30, 1-31,1-35,1-36(4,8),4-11 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്